# സൂക്തിരത്നമാല.

വിദ്വാൻ ജോസഫ് മുകളയിൽ.

T61
M91

# സൂക്തിരത്നമാല.

(സംസ്കൃതത്തിൽനിന്ന്)

വിദ്വാൻ ജോസഫ് മുകളയിൽ.

ഒന്നാംപതിപ്പ് കാപ്പി 1000

[പകർപ്പവകാശം സ്വായത്തം]

സെൻറ് മേരീസ് പ്രസ്സ്, അതിരമ്പുഴ.

1122.

CANCELLED

T 61
M. 91

CANCELLED

P. 23

DHARMARAM COLLEGE LIBRARY, BANGALORE.
7146

വില അണ 6.

(ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പ്രതി
വ്യാജനിർമ്മിതമാകുന്നു.)

# മുഖവുര.

"ലോകം ഭരിക്കുന്നതു വാളും തോക്കുമല്ല, മഹാകവികളുടെ തേന്തൂവുന്ന വാക്കുകളാണു്". ഭൂലോകമേധാവിത്വത്തിനു വേണ്ടി നിരന്തരം വഴക്കടിക്കുകയും, സംഖ്യയില്ലാതെ ജനവും ധനവും ലൌകികവിഭവങ്ങളും നശിപ്പിക്കുകയും ഒടുവിൽ നിച്ഛിതാർത്ഥം ലഭിക്കാതെ പിൻതിരിയുകയും ചെയ്യുന്ന യുദ്ധവീരന്മാരായ ഭരണാധികാരികളുടെ അനുഭവത്തിൽ നിന്നും മേല്പറഞ്ഞ മഹദ്വാക്യത്തിന്റെ യാഥാർത്ഥ്യം സ്ഫടികസ്ഫുടമാകും. ലോകത്തിന്റെ അവിച്ഛിന്നമായ പുരോഗതിക്കും, ക്ഷേമസമാധാനങ്ങൾക്കും അത്യന്തം ഉപകരിച്ചിട്ടുള്ളതു്, ധിക്കൃതശക്രപരാക്രമന്മാരായ നെപ്പോളിയന്റേയോ അലക്സാണ്ടരുടേയോ പരിശ്രമങ്ങളല്ല, പിന്നെയോ ഷേക്സ്പീയറിന്റേയും കാളിദാസന്റേയും മററും സുധയേക്കാൾ സ്വാദേറുന്ന സുഭാഷിതങ്ങളാണെന്നു നിസ്സംശയം പറയാം.

കൈയ്യൂക്കുകൊണ്ടു കാര്യക്കാരാകുന്ന പരാക്രമശാലികളുടെ മിടുക്കും ചൊടിപ്പും താല്ക്കാലികങ്ങളും അനർത്ഥപര്യവസായികളുമാണു്. പ്രത്യുത, ലോകമഹാഗുരുക്കന്മാരായ മഹാകവികളുടെ വിശിഷ്ടോപദേശങ്ങൾ അനശ്വരങ്ങളും അനർഘങ്ങളും ലോകത്തിനു നിത്യശാന്തിയരുളുന്നവയുമാകുന്നു. ആ മഹൽ ഗുണദോഷങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചും കേട്ടും ഗ്രഹിക്കുകയും, അവയേ നമ്മുടെ അനുദിനജീവിതത്തിൽ കഴിവുള്ളിടത്തോളം അനുഷ്ഠിക്കയും ചെയ്യുന്നതു്, ജീവിതത്തേ പവിത്രവും മഹനീയവുമാക്കുന്നതിനും തദ്വാരാ ജന്മസാഫല്യം ലഭിക്കുന്നതിനും ഏററവും പ്രയോജനപ്പെടുന്നതത്രേ.

മേൽ പറഞ്ഞ സദുദ്ദേശങ്ങളെ പുരസ്കരിച്ച്, ഭർത്തൃഹരി മുതലായ മഹാകവികളുടെ സുഭാഷിതഗ്രന്ഥങ്ങളിൽ നിന്നും ഏതാനും പദ്യങ്ങൾ തെരഞ്ഞെടുത്തു് തർജ്ജമ ചെയ്തിട്ടുള്ളതു് ഇപ്പോൾ ഈ രൂപത്തിൽ മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. മൂലത്തിൻെറ ഏകദേശമായ ഒരു താല്പൎയ്യം സംസ്കൃതഭാഷാനഭിജ്ഞന്മാരായ മലയാളികൾക്കു മനസ്സിലാകണമെന്നല്ലാതെ പദാനുപദം, വൃത്താനുവൃത്തം എന്നൊക്കെ നിരൂപകപ്രവരന്മാർ നിർബ്ബന്ധിക്കുന്നതു പോലെയുള്ള ഒരു നിഷ്കൃഷ്ടപരിഭാഷയ്ക്കു ഞാനിതിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല. അതിൽ ഞാൻ ഉപയോഗിച്ചിട്ടുള്ള സ്വാതന്ത്ര്യം ആക്ഷേപാർഹമാണെന്നു വാദിക്കുന്നവരോട്, അലങ്കാരത്തേക്കാൾ പ്രാധാന്യം അവശ്യത്തിനല്ലേ, എന്നേ എനിക്കു പകരം ചോദിക്കുവാനുള്ളു. അല്പം ചില സമാധാനം കൂടിപ്പറയാം. നഗ്നമായ ശൃംഗാരത്തിൻെറ ബാധ അധികപ്പെട്ടിട്ടുള്ള ചില സ്ഥാനങ്ങളിൽ, അതിലേ ആശയവും അലങ്കാരപ്രയോഗങ്ങളും അതുപടി തർജ്ജമ ചെയ്യുന്നതു്, സന്മാൎഗ്ഗനിഷ്ഠ കൂടിയ വായനക്കാരുടെ അഭിരുചിയേ സംബന്ധിച്ചിടത്തോളം ആക്ഷേപകരമായിരിക്കുമെന്നു് ഞാൻ വിചാരിച്ചുപോയതു് അനൗചിത്യമായി വരുമോ? പിന്നെയൊന്നു പറയാനുള്ളതു്, ചില പദ്യങ്ങളിൽ വന്നുപോയിരിക്കാവുന്ന ആശയാവൎത്തനത്തെപ്പറ്റിയാണ്. അതു്, പല കവികളും പല സന്ദൎഭങ്ങളിലായി ഒരേ വിഷയത്തെ സംബന്ധിച്ചു് ചിന്തിക്കയും പ്രതിപാദിക്കയും ചെയ്യുമ്പോൾ യാദൃച്ഛികമായി വന്ന ആശയസാമ്യമായിരിക്കണം. തന്നേയല്ല, വിഷയത്തിൻെറ പ്രാധാന്യവും ഗൗരവവുംകൊണ്ടു്, അതിൻെറ സൂക്ഷ്മാവസ്ഥ സമ്യക്കായി വിവരിച്ചു സ്ഥാപിക്കാൻ ശ്രമിക്കവേ മൂലപദ്യകൎത്താക്കന്മാൎക്കു സംഭവിച്ച ആശയസങ്കലനമായിരിക്കാം. അതിനൊക്കെ തർജ്ജമക്കാരൻെറ നേരേ ചന്ദ്രഹാസവുമിളക്കിക്കൊണ്ടു കുതിച്ചടുക്കുന്നതു വിവേകപൂൎവ്വമായ ഒരു പ്രവൃത്തി ആയിരിക്കയില്ലല്ലൊ.

ഇതിലധികമൊന്നും എനിക്കു തല്ക്കാലം പ്രസ്താവിക്കേണ്ടതായി തോന്നുന്നില്ല. എന്റെ പൂർവ്വ പ്രസിദ്ധീകരണങ്ങൾക്കു സഹൃദയന്മാരിൽ നിന്നും സിദ്ധിച്ച സ്വീകരണവും പ്രോത്സാഹനവും "സൂക്തിരത്നമാല"ക്കും ലഭിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് ഇതിനെ ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ.

കൈപ്പുഴ,<br>10-8-1122.

# സൂക്തിരത്നമാല.

അജ്ഞാനിക്കുപദേശമേകിയവനോ ക്ഷി
പ്രം പഠിപ്പിച്ചിടാം;
വിജ്ഞന്നോ, ശ്രമമൊട്ടുമെന്ന്യേയറിവുണ്ടാ
ക്കാം നിനച്ചീടുകിൽ;
ഏതോസ്വല്പമറിഞ്ഞു "സർവ്വമറിയുംഞാ"നെന്ന
ന്നുഭാവിപ്പവ-
ന്നോതിജ്ഞാനമഹോ! കൊടുപ്പതിനജൻ
പോലും പണിപ്പെട്ടിടും!! 1

കഷ്ടപ്പെട്ടുമെടുത്തിടാം "മകര"മാം മീനിന്റെ
ദംഷ്ട്രാന്തരേ
പുഷ്ടാഭം വിലസുന്നരത്നം; മത്തുപോൽവാ
രാശിയും താണ്ടിടാം
ക്രുദ്ധൻ പന്നഗരാജനേ മലരുപോൽച്ചൂ
ടാം മുടിക്കെട്ടതിൽ;
ശിഷ്ടമാക്കു, മഹംകരിപ്പൊരു ഖലൻത
ന്നെഞ്ച് ഭജിക്കാവതോ? 2

പക്ഷേ തൈലമെടുത്തിടാം മണൽപിഴി
ഞ്ഞൊത്താട്ടൊക്കെ, യത്നിക്കുകിൽ
ദക്ഷൻസൂര്യാനലം കടുത്ത കിരണം മാർഗ്ഗം
ജലം വീഴ്ത്തിടും.
സൂക്ഷിച്ചങ്ങുമഹർന്നിശം തിരയുകിൽ
കിട്ടാം മുയൽക്കൊമ്പതും,
ശിക്ഷാഹീനനു ശാന്തശീലമണുവും സംജാ
തമാകില്ലതാൻ!! 3

ത്തേന്തുവന്നൊരുപാണികൊണ്ടു ഖലനേതന്നോ
ടിണക്കീടുവാൻ.
നാനാമട്ടുപണിപ്പെടുന്നവനഹോ! ഭോഷൻ, ഫ
ലിക്കാശ്രമം;
ആനക്കുട്ടിയെനാരുകൊണ്ടു മുറുകെക്കെട്ടീടു
മിങ്ങായവൻ,
സൂനംകൊണ്ടു മുറിച്ചിടുംമണി, കടിക്കും തേനൊ
ഴിച്ചാക്കടൽ!! 4

മൌനം പാമരനെത്രനന്നു മഹിതന്മാരായിടും
സൂരികൾ–
ക്കാനന്ദത്തെ വളർത്തിടും സഭകളിൽച്ചെന്നെത്തിടും
വേളയിൽ,
താനുള്ളിൽത്തികയും പടിക്കുകരുതിപ്പോന്നു
ള്ളവിദ്യ് ഝടിത്തരം
താനേതന്നിൽ മറഞ്ഞുപോം; വിധിപരം കാ
രുണ്യമാം ചെയ്‌വതും!! 5

ഞാനല്പം ചിലകാശ്ശുമിങ്ങറിയവേ, വായ്ക്കും
മദം പൂണ്ടുകാ—
ട്ടാനെല്ലാപ്പ,മറിഞ്ഞു സർവ്വമിതിഹാ! ചിന്തി
ച്ചു മൂഢാഗ്രിമൻ!!
ജ്ഞാനംകൊണ്ടുവലിപ്പമുള്ളവരിൽ നിന്നേ
റെക്കുറേപ്പിന്നെ വി–
ജ്ഞാനംനേടി; യുടൻ മറഞ്ഞു നിഗളം വൈ
ദ്യൻ തൊടും വ്യാധിപോൽ! 6

പാരം ഹന്ത! പുഴുത്തുനാറിയ ഖരത്തിന്നസ്ഥിനാ
യേന്തിയൊ–
ട്ടേറെ ക്കേട്ടുജലം പൊഴിച്ചകലെയെങ്ങോ
ചേർത്തു ഖാദിക്കവേ
വീരൻ ശക്രനടുത്തുനിന്നു വിരുതോടീക്ഷിക്കിലും ക്രു
സ്ഃമാ?
സാരം വിട്ടജളന്നു ദൃഷ്ടിഷയമാം സന്തോഷദം
സന്തതം! 7

ഖ്യാതിപ്പെട്ടൊരുഗംഗ വാൻവെടിയവേ കാമാ
　　　രിതൻമൂർദ്ധ്നിചേ-
ന്ന്,താനും നിമിഷംകഴിഞ്ഞുഹിമവൽപാർശ്വ
　　　ത്തിലായ്, പിന്നെയോ?
ധാത്രിക്കുള്ളിലണഞ്ഞുവേഗ, മുരഗംതൻനാ
　　　ട്ടിലെത്തീക്ഷണാ-
ലിത്ഥംഹന്ത! വിവേകമററജനതയ്ക്കുണ്ടാ
　　　മനർത്ഥംസദാ. 8

അഭ്യാസാലതിമഞ്ജുവാംമൊഴിപൊഴിച്ചാക്കും
　　　സുഖംചേർക്കമാ-
പ്രൗഢൻ സൽകവികാല ദോഷമതിനാൽ പ
　　　ഞ്ഞം പിടിച്ചെത്രയും
ക്ഷീണിക്കുന്നതുനാട്ടിലുള്ള ധനികക്കാക്കേള
　　　വമാ,ണായവ-
ക്കില്ലൊട്ടും മണിതന്റെ മൂല്യമറിവാൻ കെ
　　　ല്പെന്നുവന്നീടുമേ! 9

ചോരന്മാർ കവരാത്തതേതുവിഭവം? ന
　　　ൽകീടവേതേഞ്ഞിടാ-
തേറെക്കൂടിവരുന്നതേതു? മതിതൻ സൗ
　　　ഖ്യത്തിന്നേതാസ്പദം?
സാരംചേന്നൊരുവിദ്യ! യാധനമെഴും സ
　　　മ്രാജ്യരോടാദരം
ചേരാതാരു" കുശ്രുമ്പുകുത്തു" മവരോടടുത്തോ
　　　ള്ള പ്രൗഢരേ! 10

ഹേ വിത്തേശ! ദൂഷിച്ചിടേണ്ട ബുധനേ സ്വ
　　　ത്തില്ലയെന്നാകിലും,
ജീവിക്കാനിഹ വേണ്ടവിത്തമറിവാ, ണാ
　　　യാൾ കരുതേണ്ടേററവും
ഭാവിക്കുന്നുധനത്തെ,യാനകമലത്തിൻ നൂ
　　　ലിനേയെന്നപോൽ
ധീവൻ പാർളുമവൻ, തടഞ്ഞവനെന്നിത്തീ
　　　ടാധനം സേതുവായ്. 11

അന്നത്തിൻെറ സരോവര സ്ഥലിയിങ്കലെ വാസം
　　മുടക്കാം വിധി
യ്ക്കു,ന്നല്ലാതെ ജലത്തിൽ നിന്നുതനിയേ—
　　പാൽവേർതിരിക്കും ഗുണം
ഭിന്നിപ്പിക്കുകവയ്യ, പണ്ഡിതനൊഴും സൗഖ്യം
　　കുറയ്ക്കാം ധനി—
യ്ക്കു,ന്നാൽ ജ്ഞാനമഹോ! ഹരിപ്പതിനവൻ
　　തെല്ലെങ്കിലും ശക്തനോ? 12

മിന്നുംതോൾവള, ചന്ദ്രകാന്തി ചിതറും ഹാര
　　ങ്ങൾ, സ്നാനം, കുളി—
ച്ചെന്നും തൊട്ടൊരുപൊട്ടു, ചാലവെവക
　　ഞ്ഞിട്ടൊരു വാർകുന്തളം
എന്നീച്ചൊന്നവയൊന്നു മല്ലനരനിങ്ങോ
　　ർക്കുമ്പൊഴുല്ലാസവും
സൗന്ദര്യാദികളും കൊടുപ്പതറിവാം, ണാ
　　ഭൂഷണം ഭൂഷണം!! 13

സംപൂർണ്ണസ്ഥിതി മർത്ത്യനേകുമതുലം വിദ്യാധനം,
　　നല്ലതും
"തുമ്പില്ലാത്തതു" മേതെതെന്നു വിരുതിൽ,
　　കാട്ടും. സദാബന്ധുവായ്;
അൻപാളും പരദൈവമാണതു ധരാപാലൻെറ
　　സംതൃപ്തിയും
സമ്പാദിച്ചുതരുംക്രമേണ പശുതുല്യൻ
　　വിദ്യയില്ലാത്തവൻ!! 14

കൂറുണ്ടാകണമുററബന്ധുനിരയിൽ, കാരുണ്യ
　　മാഭൃത്യരിൽ
വാരം ക്രൂരത ദുഷ്ടരിൽ, കുതുകമുണ്ടാകേണ
　　മാശുദ്ധരിൽ
പാരിൻ നാഥനൊടുത്തമംനയ,മതുല്യം പ്രശ്ര
　　യം വിജ്ഞരിൽ,
നാരീ മൗലികളിൽസ്ഥിരംമതി, ബലം ശത്രു
　　ക്കളിൽ യുക്തമാം. 15

സത്താളും ക്ഷമ ചട്ടയെന്തിനെബ്ബലം ഷോക്കം,
സദാ കോപമാം
സ്വത്തുള്ളോനരി വേണ്ട, ബന്ധുനികടെ
പാക്കിൽ ഗ്രമേറ തീവ്വഥാ;
വിത്തം വേണ്ടസുധിക്ക, ക്രൂട്ടനരികത്തുണ്ടെ
ങ്കിൽ വേണ്ടൗഷധം,
ചിത്തത്തിന്നു വിഭൂഷലജ്ജ, കവിതാലാ
ഭേനരാജ്യം വൃഥാ. 16

ബുദ്ധിക്കുള്ളൊരു മൂഢഭാവമകലത്താക്കുന്നു,
വാക്കിൽ സദാ
സത്യം ചേർപ്പൂ, മികച്ച മാനമരുളൂ, ന്നോടി
പ്പൂപാപങ്ങളേ,
ഹൃത്തിൽ തുഷ്ടിവളത്തിടുന്നു, പുകളെല്ലാ
ദിക്കിലും ചേത്തിടു-
ന്നിത്ഥം വിദ്യ്യയതായകല്പലതയെന്തേകില്ല
ഭൂമൗനൃണാം?. 17

വദ്ധിക്കും സുകൃതങ്ങൾ പൂണ്ടു, സരസംസൽ"ഭാവ"
മോടൂഴിയിൽ
സിദ്ധന്മാരോടു തുല്യരായി വിജയിച്ചീടും
കവീന്ദ്രർക്കെഴും
കീത്തിപ്രൗഢവപുസ്സിനേന്ത വിരതാമൃത്യു
ക്കളാൽ ജന്യമാ-
മാത്തിപ്പാടുകൾ തീണ്ടുകില്ലലവവും സൗ
ഭാഗ്യവാന്മാരവർ!! 18

മത്തേഭത്തലബാഹൂ വജ്റഹതിയാൽ ഖ
ണ്ഡിച്ചകത്തുള്ളതാം
സ്വാദേറും പലലം ഭുജിച്ചു സുഖിയായ് വാ
ഴും, മൃഗേന്ദ്രൻ മഹാൻ
വാദ്ധക്യം, ഗദമെന്നിവററ പിടിപെട്ടേററം
കുഴങ്ങുമ്പൊഴും
ചീത്തപ്പുല്ലു പറിച്ചുതിന്നിടുകയി; ല്ലീമട്ടു
താൻ മാന്യരും. 19

ക്കുന്നിത്തുക്കൾ മിറച്ചിയെന്ന്യെവന്ന ചീഞ്ഞി
റ്റിറെറ്റാലിച്ചിട്ടുമെ–
ല്ലൊന്നാശ്വാവിനു കിട്ടുകിൽ പരമവൻ
സന്തുഷ്ടനായീടുമേ;
എന്നാൽ സിംഹ, മടുത്തണഞ്ഞനരിയേ തള്ളി
ട്ടു കുംഭീന്ദ്രനേ–
ത്തന്നേതേടിയറുത്തിടുന്നു; വലിയോനല്പത്തി
ൽ മുത്താർന്നിടാ. 20

അന്നം നൽകി വളർത്തിടുന്ന നരനേ കണ്ടാലുടൻ
പട്ടി, കാ–
ലൂന്നിബ്ഭൂമിയിൽ വീണുതന്റെ മുഖവും
വാലും കുലുക്കുന്നഹോ!
ഔന്നത്യം പെടുമാന, മർത്ത്യനെവനേ കണ്ടാ
ലുമുഗ്രാക്ഷിയോ–
ടൊന്നൊട്ടുക്ക സമീക്ഷചെയ്‌വു; മഹിതൻ,
തൻ ഗൗരവം വിട്ടിടാ. 21

ചക്രം പോലെ സദാതിരിഞ്ഞു സരയം പാ
യുന്ന സംസാരമാം
ചക്രത്തിൽ ജനിവാസ്സുവത്തിലെവനോ
കൈക്കൊണ്ടിടുന്നുന്നതം?
അക്രോശയനുറ്റുതൻസമുദയം പൊങ്ങാ
ൻശ്രമിക്കും മറി—
ച്ചക്കൂട്ടത്തിനുകൊള്ളിവയ്ക്കുമിതരൻ, മർത്ത്യാ
ധമൻ, രാക്ഷസൻ!! 22

പ്പൂം തൊത്തിനുമനുത്തമംഗുണമെഴുംമർത്ത്യനു മു
ണ്ടൂഴിയിൽ
ചിന്തിച്ചാൽ വഴിരണ്ടു ജീവിതഗതിക്കന്ന്യാദൃ
ശം മേൽത്തരം!
കാന്താരത്തിൽവസിച്ചുനിത്യ മജനേസേവി
ക്കയോ, വീടതിൽ
സ്വന്തംകൃത്യമശേഷ ലോകശുഭദംസാധിക്ക
യോ ചെയ്യുയാം. 23

ധാരാളംഗ്രഹമുണ്ടുവാനി,ലവയോശോഭാ
ദിനാനാഗ്ലണം
പേറുംമോഹനഗോളമാല,നിലയീമട്ട
ങ്ങിരിക്കമ്പൊഴും
ഘോരൻരാഹു, മഹസ്സു ക്രൂട്ടമരുണൻ, പൂം
തിങ്കളീവൻപരേ
നേരെചെന്നുവിഴുങ്ങിടുന്നു! ബലവാൻ
നിസ്സാരരേതള്ളിടും. 24

കൊല്ലാതെയും, കളവുവിട്ടു, മട്ടത്തുകൂട്ടും
മല്ലാക്ഷിമാരി ലകതാരലിയാതെകണ്ടും,
പുല്ലായ്സ്വലാഭമതുപാർത്തു മിരിപ്പവന്നു
കല്യാണമേ പ്രതിദിനം ഭുവിസംഭവിക്കൂ. 25

തേടുന്നതെന്തിനുഭയംമൃതിയിൽസഖേ! നീ?
പേടിക്കിലുംവിടുകയില്ലശമൻകൃതാന്തൻ,
പാടെയവന്നപജയം വരുമിങ്ങുജന്മം--
കൂടാതെനീകരുതുകിൽ, കഴിയുംവിധത്തിൽ. 26

ധാരാളംനേഹിനൽകുവാൻ പരനിതെന്നാലും,
കിടപ്പാൻതൃണം;
നീരംതെല്ലുകുടിപ്പതിന്നു, തറയൊന്നൻപോ
ടിരുന്നീടുവാൻ,
ക്രൂറോടുള്ളൊരുനാലുവാക്കുപചരിപ്പാ, നി
ത്യയുംനല്ലൊരാൾ
ചേരുംവീട്ടിലറാതെകാണുമവയേനൽ
കാതിരിക്കില്ലയാൾ. 27

ഭൂദാനമൂഴിയിൽമികച്ചൊരുദാന,മെന്നാൽ
തത്തുല്യമാണെനിരുപിക്കുകിലന്നദാനം!
മുൻചൊന്നതിൽപരമദാനമതാണുവിദ്യ
വാങ്ങിപ്പവൎക്കരുളിടുന്നതു, തൎക്കമില്ല. 28

സുധീമണികൾ ദോഷവുംഗുണവുമുള്ളിലാക്കും, ശിവൻ
സുധാകരവിഷങ്ങളേതന്നുവിലൊപ്പ മേന്തുംവിധം!
ഗുണംതലകുലുക്കിയാഗുണികൾ വാഴ്ത്തിടും, ദോഷമോ?
ക്ഷണംഗളതലത്തിലേറ്റുടനമർത്തു മൂക്കോട്ടതാൻ! 29

അഗ്നിതൻശക്തിയാൽകാഷ്ഠം
ഭഗ്നമാകുംപടിക്കുടൻ
ജ്ഞാനിപാപങ്ങളേസർവ്വം
ജ്ഞാനത്തീയിൽ കരിപ്പൂതേ! 30

താതന്റെ കർമ്മഫലമാത്മജനേ പ്പിടിക്കാ;
പുത്രന്റെ കർമ്മമതുപോലെ പിതാവിനേയും;
നേരേസ്വയം കരുതി നേടിയപുണ്യപാപ-
മോരോവഴിക്കവരെ വിട്ടിടു, മില്ലവാദം. 31

ദൈവം, വിധി, ഭവിതവ്യത—
യേവം ചൊല്ലുന്നതാണു കർമ്മഫലം;
വ്യക്തിയെയെന്നതുപോലതു
ബാധിച്ചീടും "സമൂഹ" നിരഃയയും. 32

ഏതുംവിപത്തുകളിൽനിന്നു ശരിക്കുകാത്തു
നിർത്തുന്ന ഭൃത്യനുടമസ്ഥനു"ഭൃത്യ"നല്ല;
തത്വംഗ്രഹിച്ചയജമാനനവന്നു നൽകും
പുത്രനുതുല്യമുയരും നില, വീതശങ്കം. 33

യത്നംപാരമഹോ! കഴിച്ചു വിളവുണ്ടാക്കും കൃ
ഷിക്കാരനുൾ-
ത്തണ്ടിൽ ക്രൂരൊട്ടു മൂന്നിലൊന്നുശരിയായ്
നൽകീടണം ജന്മികൾ;
"ഇല്ല"ത്തിൽ പണിചെയ്തു ഭുക്തികഴിയും ഭൃ
ത്യൻ കൃഷിക്കാരനായ്—
ച്ചെല്ലുമ്പോൾ വിളവഞ്ചിലൊന്നുമതി
യന്യായത്തിലാകില്ലതു്. 34

ഷ്ടകൻ നിശ്ചയ,മീശ്വരൻ; തിരുവടികളല്ലോ
രുമാഹാത്മ്യമീ—
ലോകത്തിൻെറ വിധാനരീതി പറയും; ത
ക്കിക്കവാനില്ലതിൽ;
ശ്രീകൎത്തൃക്കരമേകനല്ലതുജഗത്തുണ്ടാക്കി;
മററാക്കുമേ
പോകാനില്ലവകാശ;മെന്തു തെളിവും
സൂക്ഷിക്കുകിൽകിട്ടിടും. 35

സ്രഷ്ടാവുരണ്ടെങ്കിലതിൎത്തികൾക്ക
തിട്ടം വരുത്താൻ വിഷമിച്ചിടേണം;
മുട്ടാതെയുണ്ടാം കലഹംനിതാന്തം;
സൃഷ്ടംനശിക്കും സകലംക്രമേണ! 36

മന്നൊന്നിലേകനധികാരി ജഗത്തിലെങ്ങും;
സൈന്യത്തിലും തദനുനായകനൊന്നുമാത്രം
ഒന്നേശിരസ്സുതനുവിൽ; ഭവനത്തിലൊന്നി—
ലൊന്നാണുനാഥ;നിതുപോൽ വിധിതൻെറ കാൎയ്യം. 37

ഒന്നാണെന്നുനമുടയോ, നിരുപേരിരിക്കി—
ലൊന്നിഷ്ടമേകനു, പരന്നതനിഷ്ടമാകും;
എന്നുംതനിക്കു പകലിഷ്ടമൊരുത്തനെങ്കി—
ലന്യൻപിടിക്കുമതുവേണ്ടകുഴപ്പമെന്ന്. 38

ജ്ഞാനമാൎഗ്ഗം, കൎമ്മമാൎഗ്ഗം,
ധ്യാന, മാരാധനാദികൾ
ഒന്നേ പാട്ടല്ല;സൎവ്വേശ—
നൊന്നാണായതുകൊണ്ടുതാൻ. 39

പാപത്തിനാൽ വരുമധോഗതി, ധൎമ്മമെന്നും
ലോപംവരാതെനിറവേററുകിലുണ്ടുമോക്ഷം.
ശ്രീ പാറുമാററിവുനേടുവതുൽഗതിക്കും,
ധീപാറുമന്ധത വിപത്തിനുമിങ്ങുമൂലം. 40

മാട്ടിൻകിടാവു, പശുവിൻനിരമേഞ്ഞുനിൽക്കെ
പെട്ടെന്നുതള്ളയെയറിഞ്ഞു പിടിച്ചിടും പോൽ
ഒട്ടേറെനാൾ കഴികിലും, നിജകർമ്മമെന്ന
കൂട്ടാളി, മർത്ത്യനെവിടാതെയടുത്തുകൂടും! 41

രത്നംസ്ത്രീയെന്നുമാവിധം വനിതയാരത്നത്തെ
ന്നും കാന്തിയാൽ
യത്നംവിട്ടു തുണച്ചിടുന്നു; വധുതാൻരത്നംവി
നാകാമ്യയാം.
രത്നത്തിന്നുതനിച്ചുശോഭകരവാം; രമ്യാംഗി
തൻഗാത്രമാ—
മാണെന്നാൽ മട്ടുമറിഞ്ഞുവീഴു; മതുലംപെ
ണ്ണിൻമഹത്വംഭുവി! 42

യുദ്ധോദ്യുക്ത,രൊളിച്ചു പാർപ്പവർപലേ
കൃത്യങ്ങളാൽ വ്യാകുലർ
പൃഥ്വീനായകർ, സംശയിച്ചുവരുവുന്നോ
ർ,രാജസേവാരതർ
ഇത്ഥംക്ലേശകരം സ്ഥിതിക്കടിമയായ്മാഴ്കു
ന്നകൂട്ടർക്കഹോ!
മർത്ത്യന്നത്തെളിവൊന്നു മാത്രമതുള്ളം, കാ
ന്താസമാലിംഗനം! 43

കേൾക്കുമ്പോഴ,മടുത്തുകാണുമവളും, സ്പർശിച്ചി
ടുമ്പോഴ,മ—
ല്ലോർക്കുമ്പോഴുമതുല്യതുഷ്ടി പുരുഷർക്കേകുന്ന
താർധാത്രിയിൽ?
അക്കാമ്രാംഗി,ധനാദികൾക്കപ്പൊരുളാംസ
ന്താനകാമങ്ങളേ
പാർക്കുംമുത്തൊടുനൽകിടുന്നു; ഭജനംചെ
യ്തീടുകാ "ലക്ഷ്മി"യേ!! 44

ഷ്ടതാറും ചില ഭക്തർ നാരിയിലെഴും സാക്ഷാൽ
ഗ്ഗുണം കണ്ടിടാ-
തോത്തു നേറിയദോഷഭാഗമവളിൽ, ചേ
ർക്കുന്നു പങ്കംപരം!
പൂതന്മാർക്കിതു യോഗ്യമല്ല; കഠിനം പാക്കാക
മമ്പൈന്തിനി-
ങ്ങാതങ്കപ്രദമെയ്യിടുന്നു? വെറുതേ വാഴട്ടെ
“സന്ന്യാസി”മാർ!! 45

പുരുഷനിര വഹിക്കാത്തേറിടും ദോഷമേതാ-
ണരുളുക, വനിതാളിക്കുള്ളതീമന്നിടത്തിൽ?
പെരുകുമൊരപരാധം നാരിയിൽ കെട്ടിവയ്പ്പ
വിരുതൊട്ടു ഖലർ കഷ്ടം! സൽഗുണാരാമമേ, സ്ത്രീ!! 46

സ്ത്രീകൾക്കേകീ ശശാങ്കൻ ഹിമലത; വടിവോ
ടഗ്നി സർവ്വം ഭുജിപ്പാൻ
പാകം പോൽ ശക്തിനൽകീ; സരസമൃദുലമാം
ഗാനമാഗന്ധർവ്വന്മാർ;
ആകപ്പാടേ നിനച്ചാൽ തരുണിയുടെ മഹൽ
സ്ഥാനമന്യാദൃശം താൻ!
വേകംസമ്പൂർണ്ണം വിശുദ്ധിപ്പൊലിമയിൽ വനി
തക്കൂർക്കളൊട്ടൊക്കെയമ്പോ! 47

ചൊല്ലാം, ബ്രാഹ്മണപാദവും പശുവതിൻ പൃ
ഷ്ഠപ്രദേശങ്ങളും
നല്ലാട, ശമിവറാതൻ പദനവും പാരം പവി
ത്രങ്ങളാം;
കല്യാണാംഗിവപ്പൂടിതൻ സകലവും സംശുദ്ധമാ,
ണായവൾ-
ക്കില്ലാത്തുള്ള കളങ്കമോതി മരുവും വർഗ്ഗം ന
ശിക്കും ദ്രുതം!! 48

സ്ത്രീവർഗ്ഗത്തിനെഴുന്നശുദ്ധിസമമററുള്ളൊന്നുതാൻ
ചേരുകി—
ല്ലാവർഗ്ഗത്തിനശുദ്ധിഭ്രമിയിലഹോ! തെല്ലൊ
ന്നുകൊണ്ടും ദൃഢം;
ഓരാതല്പമഴക്കവല്ലതുമുദിച്ചാലും ക്ഷണം
വീണ്ടുമി—
ങ്ങോരോമാസവുമുള്ളൊരാർത്തവവഴിക്കോ
ത്തീടുവിൻ മർത്ത്യരേ! 49

നാരീമണിക്കുടയശാപമനല്പമേല്ക്കു—
വോരാഗ്രഹം ദ്രുതതരം "പൊടിഭസ്മ"മാകും!
ക്രൂരപ്രവൃത്തിവിരവോടൊരു മന്ത്രവാദി
നേരിട്ടുചെയ്വതുകണക്കിതുനാശഹേതു!! 50

ഭർത്താവുഭാര്യയെ വെടിഞ്ഞുവസിക്കിലും, സ്ത്രീ
ഭർത്താവിനേപിരികിലും സമമാണുകുററം;
സത്താളിടും നിഗമമിങ്ങനെചൊല്ലിടുമ്പോൾ
മത്തൻപുമാൻതരുണിയേ തരസാത്യജിപ്പൂ!! 51

തൻഭാര്യയേവെടികയും പരനാരിതന്നെ
അൻപൊടുപുൽകയുമെവൻ തുടരുന്നുഭ്രമൻ?
ഡംഭാളുമാനരനുഴററൊടു തോലുടുത്തു
താൻപിച്ചതെണ്ടണമൊരാറു മുഴുത്തമാസം! 52

മാതാവെന്നമനോജ്ഞമാം നിലയിലുംഭാര്യാത്വ
മാന്റുംനര—
ക്കേതാപത്തിലുമംഗനാമണിതുണനില്ക്കും, ജന്മ
വുംനൽകീടും;
ഓതാൻവയ്യ മഹത്വമാതരുണിയിൽശോഭി
പ്പതാർക്കും! വൃഥാ
പൂതാംഗിക്കപരാധമേററുകിൽ നിനക്കെന്താ
ണുമോക്ഷംസഖേ!? 53

ന്നാമത്തെവയസ്സിലും പുരുഷരിൽകാമാർത്തി
കാണുന്നു; തെ—
ല്ലാറില്ലാശഫലിക്കുവാനവസരം തെല്ലെങ്കി
ലേമാറിട്ടു;
നാരീമൌലിജഗൽ പ്രലോഭനഗണംപാടേ
തകർത്ത്രയും
ധൈര്യംപൂണ്ടുവിശുദ്ധജീവിതമഹോ! നീ
ണാൾനയിക്കുംശുഭം!! 54

“കള്ളൻ കട്ടിട്ടുമുമ്പോ”ട്ടിതി ചിലർപറയുംപോ
ലെനിത്യംപുമാന്മാർ
ഭള്ളേറിത്തോന്നിടുമ്പോൾ നടപടിതുടരും,
ക്രുത്തടിക്കും, തകർക്കും;
എള്ളോളംകള്ളമില്ലാത്തൊരു തരുണി
കളിൽ കുററമെല്ലാംചുമത്തും!
കൊള്ളട്ടോപൂരുഷന്മാർ വിരുതൊടുവിജ
യിക്കുന്നുഭൂമണ്ഡലത്തിൽ?! 55

ഏകാന്തത്തിലടുത്തുകൂടിയനുകൻ കാണിച്ചിടും
കൃത്രിമ—
ച്ചേകൾക്കുംപ്രണയപ്രകർഷനടനത്തിനും ക
ഴമ്പില്ലഹോ!
സ്ത്രീകൾക്കുസ്ഥിരമല്ലതൽപ്രണയ,മാകാന്ത
ൻറഗാത്രംപരം
തീകത്തും ചിതയിൽ കിടത്തിടുകിലും കൂടെ
ദ്ദഹിച്ചീടുമേ!! 56

ഉൽകൃഷ്ടംവനിതാസുഖം പ്രതിദിനംപ്രാപി
ച്ചവൻ സ്വത്തെഴാ—
ഞ്ഞൂൽക്കാമ്പിൽകദനം സഹിക്കില്ല, മവൻരാ
ജാവിനോടൊത്തവൻ!
കൽക്കണ്ടാധരി, നല്ലഭോജ്യമിവയേസാരം
ധരാപാലക—
ന്നൊ,ക്കെപ്പിന്നെയെഴുന്ന,താശയെയെരി
പ്പാനുള്ള കാഷ്ഠങ്ങളാം!! 57

പുത്തൻയൗവ്വനവും,മൃദുസ്വഭാവത്തും,മാത്രക്കു വൃ
ദ്ധിപ്പെട്ടും
ഗാത്രാംഗങ്ങളുമുള്ള കാന്തയവൾതൻ സാമീ
പ്യമേകുംസുഖം,
കുത്തിപ്പാഞ്ഞൊഴുകുന്നഗംഗ, പെരുകും സ
ന്താനമെന്നൊക്കെയൊ—
ത്ത്യന്തം കമനീയമാംസുരപുരം താനുംതരാ
നിശ്ചയം! 58

അബ്രഹ്മാവുമുതൽക്കു പുഴുക്കൾവരെധാത്രീ
തലേമിന്നിട്ടും
സംഖ്യാതീത മിനങ്ങൾ ജീവികൾ വളൎന്നീടാ
നൊരാലംബമാർ?
ആ വാമാനികരത്തിനിങ്ങടിമതാൻ സ്രഷ്ടാ
വുപോലും! പിന്നെ—
ങ്ങിടാതാദരവോടു പോററുക സദാസം
പൂജ്യയാംനാരിയേ. 59

ഹേ, ലക്ഷ്മീ! വിട്ടു വിദ്ധികൾക്കു വളരെ ദ്രവ്യം
കൊട്ടുത്തീടവേ
ബാലത്യന്തമഹോ! മഹാമതികളാം വിജ്ഞർക്കു
ചേക്കുന്നനീ!!
"കാലക്കേടുകൾ സാരമില്ല, മതിമാൻസംപൂ
ജ്യനെങ്ങും; ജള—
നാലംബം പണമൊന്നുമാത്ര" മിതുതാൻന്യായം
നിനക്കോതുവാൻ? 60

ആലസ്യം, വ്യവസായഹീനത, വെറുപ്പാസാഹസ
ത്തിൽ, ക്ഷമാ—
പാലൻ ദൈവമദ്വേഷമേകുമിവനെന്നുള്ളോ
രു ഭാവം സദാ
ഈ ലജ്ജാവഹമായ പാപനികരം പൂണ്ടുള്ള
താ, രായവ—
ന്നാലക്ഷ്മീമണിശത്രു, വൃദ്ധനു ചെറുപ്പക്കാരി
യാം ഭാര്യ പോൽ! 61

ഉത്സാഹം, കലഹം, ചൊറിച്ചി, ലിതര സ്ത്രീസം
ഗമം, മൈഥുനം,
ദ്യൂതാട്ടം, മധുസേവ, നിദ്ര, നാനാരസോന്മേഷം ത
ദംഭക്ഷണം
എന്നീശീലഗണങ്ങളനവര മയത്തീടുന്നു
മോഹം; ആചി—
ച്ചെന്നാൽ തീർന്നിടുമാശയെന്നു കരുതി
ച്ചേപ്പാക്കേണ്ട മാലോകരേ! 62

പട്ടിക്കൊപ്പമുരച്ചിടുന്ന പരനേ സേവിച്ചിടും
മർത്ത്യനേ
ശ്രേഷ്ഠന്മാർ ചില, രെങ്കിലും കഥയതിൽ തെ
ല്ലില്ല ചിന്തിക്കുകിൽ;
പട്ടിക്കുണ്ടുസുഖം, സ്വാതന്ത്ര്യമത്രം ധാരാള,
മെന്നാൽ നര—
ന്നൊട്ടും താനവയില്ല കഷ്ട! മവനെപ്പോഴും കു
നിഞ്ഞാം നില!! 63

പണ്ടാപ്പാലാഴി ദേവാസുരനിര മഥനം ചെയ്ക
വേ, രത്നജാലം
കണ്ടൂമുൻപേ, പ്രകാരം വിഷമുട, നിവരണ്ടി
ങ്കലും കൂസിടാതെ
വീണ്ടും യത്നംതുടർന്നാരവർ, സുധകരതാർ ത
ന്നിലായപ്പോഴേ തെ—
ല്ലുണ്ടായുള്ളു വിരാമം പണിയതി, നിതുപോ
ൽ വേണമുത്സാഹമാക്കും 64

ചൊല്ലേറും കുയിലേ! ഭവാന്റെ സ്വരസംഗാ
നം സദാകേട്ടുകൊ—
ണ്ടുല്ലാസത്തോടു വാണിടുന്നമരജന്മാരൊ
ന്നുമേകില്ലതേ!
വല്ലാതുള്ളകരച്ചിലാൽ വികടൻ കാക്ക
ക്കു പിണ്ഡം കൊടു—
ത്തെല്ലാ നാളിലുമാദരിപ്പു! വിധിതൻ വൃ
ത്തം വിചിത്രം ഭുവി!! 65

സ്വത്തില്ലാത്തവനുള്ളവാക്കു മധുരം, സത്താ-
ന്തതെന്നാകിലും
വിത്തംപാരമെഴുന്നവൻ വിലയതിൽ കല്പിക്ക-
യില്ലല്പവും;
പുത്തൻവിണ്ണയതിൻെറ നിസ്വനമഹോ! ഭേ-
രീസമീപം കിട-
ന്നത്തൽപ്പെട്ടു ഞെരങ്ങിടുന്നു! ബഹുധാ ചി-
ത്രംജഗത്തിൻസ്ഥിതി!! 66

വിദ്യായോഗ്യത, നൽകുലീനത യിവറ്റിന്നില്ലത്ര
മാഹാത്മ്യ, മാ-
വിത്തത്തിന്നുമതിപ്പു കൂട്ടു, മതുതാൻ മാനാസ്പ-
ദം ധാത്രിയിൽ;
മൂർദ്ധാവിങ്കലെടുത്തു വച്ചു ഗിരിശൻ പോററു-
ന്നെപ്പൊഴുംഗംഗ, യാ-
രത്നങ്ങൾക്കിടമന്ധനേ, ജലധിയേ നോക്കി-
ക്കുതിക്കുന്നഹോ! 67

ഏറെപ്പൂജിത, നഗ്ര്യബുദ്ധി, യധികംദാനം
നടത്തുന്നവൻ,
ക്രൂരൻ, കോപി, യതീവനിഷ്ഠു നിവരേ ല-
ക്ഷ്മിക്കപാരംഭയം!
ദൂരത്തായവൾ നിന്നിടുന്നു, ചെറുതും സ്നേ-
ഹിപ്പതി, ല്ലാകയാൽ
ദാരിദ്ര്യം പതിവാണവർക്കു; മിതമാം ഭാ-
വം സദാ കാമ്യമാം. 68

ക്ഷീണം, ക്ലേശമിതൊക്കെയും ബലമെഴും
മർത്ത്യൻസഹിക്കും; കണം
കാണുമ്പോൾ പിടയുന്നവന്നു ചെറുതാം
താപങ്ങളുംഭാരമാം!
ചാണക്കല്ലിലുരച്ചിടും കഠിനമാമാണിക്യ-
മല്ലാതെപാഴ്—
മണ്ണിൻകട്ടപൊറുക്കുമോ? തവിടുപോൽ
പാവം! തകർന്നിടുമേ!! 69

ലീലാലോലൻകുമാരൻ, യുവരസിക,നലം
വിത്തമാർജ്ജിച്ചവൻ, നൽ—
കാലത്തിൽസൗഖ്യമോടേ പലതിതിനടനം
ചേലിലാടുന്നമർത്ത്യൻ,
ഹാ! ലാവണ്ണ്യം വളന്നോ, നൊടുവിലൊരു
മഹാവൃദ്ധനായ്, ക്ലിഷ്ടനായി—
കാലൻതൻ ഭൃത്യനായിക്കഴിവൊരുലവ
മില്ലാതെ ഭുവിട്ടിടുന്നൂ!! 70

ചെററാണെങ്കിലു,മുള്ളത്തിൽ പരമമാം
സംതൃപ്തിപൂണ്ടുൾത്തടം
മുററുംശാന്തതയോടുവാഴുമമലന്മാർക്കുള്ള
സന്തുഷ്ടിയേ
ഏററം മോഹമിയന്നു വിത്തമതുതാൻ ചിത്തേ
ശനെന്നെണ്ണിയൻ—
പാരെന്നും കുതികൊണ്ടിടുന്ന മനുജൻ പാ
രം കൊതിക്കും ദൃഢം! 71

വിശ്വാസത്തിനു പാത്രമായ്, വിമലമാം ഹൃത്താ
ന്നു മററുള്ളവ—
ർക്കാശ്വാസപ്രദമായ നന്മ വിവിധം ചെയ്തിങ്ങു
വാഴ്വോനെയും
വിശ്വത്തിന്നു കളങ്കമായ ധനതൃഷ്ണതാം ദൂ
ഷിക്കും, മഹാ—
കാശാവിന്നു സമാനനായ നരനേ താങ്ങാൻ
ബലം പോര, ഹാ! 72

നോക്കൂ സൂര്യനെ, യർക്കസ്ഥിതിയിലും വാർദ്ധ
ക്യമാകുമ്പൊഴും
രക്താഭൻ ഭഗവാൻ, വിവർണ്ണതലവം കാണു
ന്നതില്ലാഭയിൽ!
നൽക്കാലത്തുമധഃ പതിക്കുമളവും സത്തുക്ക
ളുൾക്കാമ്പിനു—
ള്ളുൽകൃഷ്ടം നിലവിട്ടിടാ; വെറുമുഴററോടൊ
ത്തുവാഴ്കില്ലതാൻ! 73

ഹാ! ഹാ! കാകനികേതനത്തിലുളവായ് കാ
 ലേ വളൎന്നീടുമീ—
മാഹാത്മ്യം പെരുകുന്ന കോകിലവരൻ ത
 ൻ ശബ്ദമന്യാദൃശം!
വല്ലാതുള്ളവരോടു ചേൎച്ചവളരെക്കാലം
 വഹിക്കുമ്പൊഴും
കല്യാണാശയർ ഘോരഭാവമണുവും തേ
 ടാസല്കൃത്യങ്ങളിൽ. 74

അന്യൻ ചെയ്യുസഹായമോൎത്തു പകരം നാ
 മൊന്നു ചെയ്യാ, ലതിൽ
കുന്നിക്കും വിലയില്ല, കൃത്യമതുനാം ചെയ്യേ
 ണ്ടതാണെപ്പൊഴും;
എന്നാലേററമുപദ്രവിപ്പവനുടൻ തന്നേഗു
 ണം മേൽതരം
ധന്യൻചെയ്യു, മതാണുവേണ്ടതു, മിതേ
 വിദ്വന്മതം കേൾക്കുവിൻ. 75

ഘോരാപത്തുവരുമ്പൊഴും ബുധജനം പാരം
 ഭ്രമിക്കില്ല, തൻ—
സ്വാരസ്യം കലരും സ്വഭാവഗുണവും കൈവി
 ട്ടീടാലേശവും;
ധാരാളം വിറകിട്ടെരിക്കുമുലയിൽ ചേരു
 മ്പൊഴാണന്നതും
സൗരഭ്യം ചൊരിയുന്നതുത്തമമതാം കൎപ്പൂ
 രമെക്കാലവും! 76

ദുഷ്ടന്മാരുടെ കൊള്ളിവാക്കുകൾ പരംകേട്ടാ
 ലു,മാൎയ്യക്കുഹൃത്–
ത്തട്ടിൽക്ഷോഭമുദിക്കയില്ല, പകരംചൊ
 ല്ലില്ലപോയൊന്നുമേ;
ചുട്ടെന്നാലുമകിൽത്തുടങ്ങിയമരംതൻവാ
 സനാവൈഭവം
വിട്ടീടാചെറുതും; കുറച്ചുപെരുകുംമുന്നേ
 തി,ലെന്നേവരു! 77

വിദ്വാന്മാരുപദേശമെന്നുകരുതാതോതുന്ന
വാക്കൊക്കെയും
മർത്ത്യന്മാർക്കുഗുണത്തിനായുപകരു,മാവാക്കി
ൻമഹത്വംപരം!
നേരമ്പോക്കിനുവേണ്ടി വല്ലകഥയും ചാ
ലേകഥിക്കുന്നതാം —
ണേറ്റംസാരമെഴുന്നശാസ്ത്ര, മതുതാൻലോ
കർക്കുനിക്ഷേപവും! 78

അന്യന്മാർക്കുപകാരമെപ്പൊഴുമഹോ! ചെയ്യാ
ൻകൊതിക്കുംമഹാ—
ധന്യന്മാർ മരണക്കിടക്കയതിലുംമാറ്റാമന
സ്സിൽസ്ഥിതി!
മിന്നുംചന്ദനവൃക്ഷ,മുഗ്രനൊരുവൻവെട്ടു
ന്നവാളുംമണം
നന്നായ് ചിന്നിയവന്നുസൗഖ്യമരുളും; പാ
ർത്താൽ പരം വിസ്മയം! 79

സത്താംയൗവനമാർത്തട്ടത്തജരയാ ലാക്രാന്താ
മാംഗാത്രമോ?
വ്യാധിഗ്രസ്തം, മനർഘജീവിതമഹോ! കാല
ന്റെ കൈത്താരിലും!
ഇത്ഥംതാൻ സ്ഥിതിയെങ്കിലും മനുജനേ
വൻ തൃഷ്ണകൈവിട്ടിടാ,
തത്തിക്കേറിയവന്ന നിതാന്തമരിപോൽ
ഞെക്കുന്നിതെല്ലാരെയും!! 80

ഗാത്രംക്ഷീണിച്ചു, സർവ്വാംഗവുമിടയിൽമര
ച്ചാശിരസ്സോനരച്ചും
സ്വാധീനപ്പെട്ടു,വായിൽ ശിവ! ശിവ! രദ
നം കാണ്മതില്ലൊന്നുപോലും!
വൃദ്ധൻകൂട്ടിന്നുദണ്ഡംനെടിയതുകരതാ
ർതന്നിലാക്കിക്കഴിഞ്ഞു;
വർദ്ധിച്ചീടുന്നുതൃഷ്ണാബഹളവുമഴകിൽ;
പാവ,മെന്തൊന്നുചെയ്യും?! 81

യാചിച്ചാണശനം, വിശപ്പുവളരെത്തുച്ഛം,
കിടപ്പോനില-
ത്താ,രുംതന്നെസഹായമില്ല, വസനംകീ
റിപ്പറിഞ്ഞോററവും
ആചാര്യോത്തമനാണു, കാഴ്ചമിതുമട്ടാ
ണെങ്കിലും വാഞ്ഛയോ—
ടോരോരോദിക്കിലുമോട്ട,മിന്ദ്രിയഗണം ബാണ
ങ്ങൾപോലെപ്പൊഴും! 82

നിസ്വൻവല്ലികനൂറിനായ് കൊതിവഹിച്ചീ
ടുന്നു, നൂറാകവേ
പോരാ, വേണമൊരായിരം, പുനരഹോ!
നൂറായിരംകിട്ടണം;
രാജാവാകണ, മിന്ദ്രനാകണ, മതല്ലമൂർത്തി
മൂന്നാകണം;
മോഹത്തിന്നതിരെന്തുമർത്ത്യനു? മരിച്ചാലും
കുറേബാക്കിയാം!! 83

അത്യൈശ്വര്യമുദിക്കിലും മഹിമയുണ്ടാകില്ല,
സമ്പൂർണ്ണമായ്
സത്യംതൊട്ടഗുണങ്ങളെന്നിയെ, ജനം മാ
നിക്കയും ചെയ്തിടാ;
മെത്തുംപങ്കമിയന്ന പൂർണ്ണനിലയിൽപാ
ർക്കുന്നതല്ല,പ്ലനായ്
വർത്തിക്കുന്നതുതന്നെയാണു "കല"തൻ"നാഥ"
നനന്നെന്നുമേ! 84

ശക്തിക്കൊത്തുപരിശ്രമിക്കസതതം നാമാരു,
മെന്നാൽഫലം
പിൽകാലങ്ങളിലെങ്കിലും ഭുവിലഭച്ചീ
ടാതിരിക്കില്ലതാൻ;
കക്കംവൃത്തിതുടന്നിടുന്നരസികൻമാർജ്ജാര
നെന്നാളിലും
പാഴ്ക്കുംമോദമൊടാഹരിച്ച പശുവിൻപാൽ
നമ്മൾഖേദിക്കവേ! 85

ഉത്സാഹം, ബഹുസാഹസം, പരമമാംധൈര്യം,
മഹൽബുദ്ധിയും
ശക്തിപ്രൗഢികളും, പരാക്രമവുമൊത്തെ
ങ്ങാണവർത്തിപ്പതു്?
ആസ്ഥാനത്തിലൊരല്പമാം തുണജഗന്നാഥ
ൻവിട്ടും; സർവ്വമാ-
ത്ത്യകാലിങ്കലഹോ! ചുമത്തരുതുനാം, ബോ
ധിക്കുവിൻമർത്ത്യരേ! 86

ഉത്സാഹത്തോടുനല്ലപോലെ പണിചെയ്തീ
ടേണ,മെന്നാകിലേ
സാധിക്കുനിജവാഞ്ഛിതം; മതിയിലോർത്ത
ൻപോടിരുന്നാൽവരാ;
ഗർത്തത്തിൽപവമാനനേററു സസുഖം "പ
ള്ളിക്കുറുപ്പാ"ന്നിട്ടും
സിംഹത്താൻെറവിടുന്നവായിൽ വെറുതേ
മാൻചെന്നുകേറീടുമോ? 87

മത്തൻകാട്ടാന,ക്കൂട്ടത്തോടു ചളിയിലടി
ഞ്ഞേറുവാൻ സാദ്ധ്യമാകാ-
ഞ്ഞത്തൽപ്പാടേറിമാഴ്കും പടിശിവശിവനേ!
പൃത്ഥ്വിയിൽ പ്രാണിവർഗ്ഗം
മിത്രം, ഭാര്യാഭർക്കന്മാരിതികനിവുപെടും
കൂട്ടമാമബ്ധിതന്നിൽ
സക്ത്യാചാടിക്കണക്കററഴു തൊടുവിലഹോ! ച
ത്തുപോകുന്നു,ചിത്രം! 88

സത്തുക്കൾക്കേതുവാറും വിഷമത വിവിധം സം
ഭവിക്കുന്നു പാരിൽ;
കൂത്താടുന്നു സ്വതന്ത്ര സ്ഥിതിയൊടു സരസം
ദുഷ്ടരോ, തൽദശായാം;
ചിത്തം മങ്ങിക്കിടപ്പൂ കിളികൾ ബലമെഴും
നീഡകാരാഗൃഹത്തിൽ;
ചീത്തത്തം വാച്ചകാകൻ സുഖമൊടു നടനം
ചെയ്വൂ ഭൂലോകരംഗേ! 89

നന്നായുള്ളൊരു ശീല, മങ്ങനെയെഴും
സ്ഥാനങ്ങളിൽ കാമ്യമാം;
നിന്ദ്യം വസ്തുവിലൊട്ടിയാലതുരയം വൻദോ
ഷമായ് മാറിടും;
മന്ദം വാഹിനി തന്നിലൂടെയൊഴുകും നേ
രം വിശുദ്ധം ജലം,
ചെന്നാവാർദ്ധിയിലെത്തവേ ലവണമായ്
തീരുന്നു പെട്ടെന്നു താൻ! 90

"ദൈവാധീനമശേഷകാര്യവു" മിദം ചിന്തി
ച്ചു യത്നിച്ചിടാ—
തേവൻ വാഴ, മവന്നു നാശ, മറിവില്ലാത്തോ
നവൻ നിർണ്ണയം;
മേവുന്നുണ്ടു തിലത്തിലെണ്ണ; വെറുതേ
കിട്ടില്ല, താട്ടീടണം;
ജീവിക്കിങ്ങനെയത്നശേഷമരുളും ദൈ
വം ഫലം സർവ്വവും. 91

വ്യർത്ഥാഡംബരമാഗ്രഹിക്ക ചിതമ, ല്ലെന്നും ഗുണം
നേടുവാ—
നുത്സാഹിക്കണമേവരും; നഹിഫലം മോടി
പ്പുക്കിട്ടാൽ ഭുവി;
സ്വത്തേറുന്ന ഗൃഹസ്ഥനും, തടിയതിൻ, പൊ
ണ്ണത്തമീക്ഷിച്ചുതൻ—
വിത്തം നൽകിവരിക്കയില്ല വിരവിൽ, പാ
ലററതാംപയ്യിനേ. 92

മുൻപേ കിട്ടിയ ജന്മവേളയിൽ മുദാ നാം ചെ
യ്തു കർമ്മങ്ങളാ—
ണൻ പിൽപിൻതുടരുന്നതാരെയു, മതാണോ
ർത്തീടുകിൽ" ദൈവ"വും;
വൻപുംശക്തിയുമായതിന്നുവരുവാൻ, കൂട്ടി
ന്നു, കർമ്മങ്ങളേ
സമ്പാദിച്ചവനെത്തണം; സ്വയമഹോ! ദൈ
വം വെറുംമിഥ്യതാൻ!! 93

മാധുര്യം പരമാർന്ന വാക്കു, നതിയാം സൽവൃ
ത്തി, കൃത്യങ്ങളിൽ
ബോധംതിങ്ങിയനന്ദനൻ, ധനമഖം, ദാ
നത്തിലെന്നും പ്രിയം,
ഏതുംബാധ യെഴാതെയീവകഗുണം കൈ
ത്താരിലാളുന്നവൻ
സാധിച്ചോൻ സകലം, ഫലപ്രദമഹോ! തൻ
ജന്മമേററം ശുഭം! 94

പാപം ചെയ്തു, കടം വരിക്കുകയിതി പ്രേമ
പ്രദം വൃത്തികൾ
ലോപം വിട്ടുതുടന്നിടുന്ന മനുജന്മാ, രെന്തു
മൂഢതമാം!
ആപത്തിന്നിവ തക്കകാരണ, മലം മാഹാ
ത്മ്യമാണോർക്കമീ—
ശാപം രണ്ടുമൊടുക്കമേകു മളവില്ലാതു
ള്ളനാശം ധ്രുവം!! 95

വിദ്വൽ സംസർഗ്ഗമില്ലാതെയു, മുലകുനടന്നൊ
ട്ടു കാണാതെയും ഹാ!
വർത്തിപ്പോൻ ജീവിതത്തിൻ മഹിമകളറി
യുന്നില്ല തെല്ലൊന്നു പോലും!
പാർത്താലാമർത്ത്യനുള്ളം സലിലമതിലടിഞ്ഞുള്ള
നെയ്ത്തുള്ളിപോൽ താ—
നത്യന്തം ഹ്രസ്വമായി പ്രതിദിനമധികം
നിന്ദ്യമായ്ത്തീർന്നിടുന്നു!! 96

ദേശംതോറും നടന്നും, വിബുധരൊടനിശം
കൂട്ടുചേർന്നും കഴിപ്പോൻ
വൈശിഷ്ട്യം പാരമാർന്നോൻ, നിജജനിസ
ഫലം, സ്തുത്യ, മന്യാദൃശം ഹാ!
ലേശം തൈലം മറിഞ്ഞാൽ ജലമതിലുടനേ
വ്യാപ്തമാകും പടിക്കാ—
മോശം തട്ടാത്തമർത്ത്യന്നകതളിരമലം, വി
സ്തൃതം, ദീപ്തിപൂർണ്ണം. 97

ഒന്നും ജോലിനടത്തിടാതെ ഭവനേ നിത്യം വ
സിച്ചംഗനാ—
രത്നത്തെയു, മുറക്കമാം പ്രിയയെയും സേ
വിച്ചു നാൾപോക്കുവോൻ
മന്ദൻതന്നെ, യവന്റെ വൃദ്ധിലവവും സി
ദ്ധിക്കയി, ല്ലേവരും
നിന്ദിക്കും ബഹുനിസ്വനായ് ക്ഷണമവൻ
"തെണ്ടാടീടും നിശ്ചയം! 98

സത്തുക്കൾക്കമികച്ച ദുഃഖ, മധികം ദുഷ്ടർക്ക്
മോദം, പിതാ—
വത്യന്തം സുഖിയായി വാഴമളവിൽ പുത്രൻ
മരിച്ചീടുക,
മൈത്രീഭാവമതേറെയന്യരി, ലഹോ! ബന്ധു
ക്കളിൽ വൈരവും
മൊത്തത്തിൽ കലികാലവൈഭവമിദം
പ്രത്യക്ഷമാം ഭൂതലേ! 99

ധിക്കാരം, തെറിവാക്കു, ചിന്തശകലം ഷേ
രാശ്ശു, തർക്കം വൃഥാ,
വാശ്ശും ക്രൂരതയെപ്പൊഴും മുഖമതിൽ,
ദുർലക്ഷണം താനിവ;
അക്കണ്ടീവക, ദുഷ്ടനാണവ, നടുത്തീടാ
ശ്ശു, കൂട്ടിന്നവൻ
നില്ക്കുമ്പോൾ ഗതിയില്ല, മൂത്തപകടം, ക
ഷ്ടപ്പെടും നമ്മളും!! 100

കാലൻ തന്റെ സഹോദരാ! ചപലനാം
വൈദ്യാധമാ! കേൾക്ക, ഭൂ—
പാലപ്രൗഢികലന്ന നിൻ തിരുവടിക്കാ
യിട്ടിതാ വന്ദനം!
ആലോചിക്കുകിലങ്ങുതാൻ പ്രബല, നാ
ക്കാലൻ ത്യജിക്കും ധനം—
പോലും താങ്കളെടുപ്പു ജീവനൊരുമി,
ച്ചൊന്നാന്തരം രക്ഷകൻ!! 101

സമ്പത്തും, തിങ്ങിയെഴും വിപത്തുമുലകിൽ
സാധാരണക്കാർക്കവെ—
ന്നെത്തിടാ; വലിയോരിലേവമമൊ
ടായുഗ്മം പ്രവർത്തിച്ചിടും;
വൃദ്ധിക്കും, ക്ഷയമാം വിപത്തിനുമഹോ!
ചന്ദ്രൻ സദാലക്ഷ്യമാം;
അത്താരങ്ങളിലൊന്നിനും സ്ഥിതിയിദം
വന്നെത്തുമാറില്ലതാൻ. 102

സംസാരം വിഷവൃക്ഷ, മെങ്കിലുമതിൽ ര
ണ്ടുണ്ടു സത്താം ഫലം;
തൽസ്വാദേറാക്കിലനർഘ, മായതു ഭുജി
ച്ചിങ്ങാശ്വസിക്കുന്നു നാം!
സൽ സാഹിത്യമതൊന്നു, മററതു മഹൽ
സംസർഗ്ഗ, മീരണ്ടുതാൻ
വാത്സല്യത്തൊടു മർത്ത്യരേ പ്രതിദിനം പോ
ററുന്ന മാതാക്കളും!! 103

ദൈവാധീനമെഴാത്തനേര, മധികം സമ്പ
ത്തു മുൽകർഷവും
കൈവന്നീടുകിലും ഫലംലവവുമി, ല്ലെ
ല്ലാമനർത്ഥങ്ങളാം!
ആ വൻപൻരവി, യായിരം കരഗണം പേ
റുമ്പൊഴും ശക്തന—
ല്ലാവശ്യത്തിനുതെല്ലു നില്പതിനഹോ! ദൈ
വം തുണയ്ക്കായ്കയാൽ!! 104

കുവളത്തിനിലയില്ല, മാധവനു കുററമെന്ത
തി, ലുലൂകമാം—
പാപമെപ്പൊഴുമുറങ്ങിടും പക, ലതിങ്ക
ലർക്കനപരാധിയോ?
ചാതകം ജലമെടുപ്പതില്ല, കുറവെന്ത
തിൽ ഘനനിരയ്ക്കഹോ!
ജാതകക്കുറി പിതാമഹൻ, കരുതിനമ്മി
ൽവച്ചതു തുടയ്ക്കുമോ?! 105

ക്ഷേത്രംതന്നിലിരുന്നിട്ടുമഹിതനാം ദേ
വൻ ശിലാവിഗ്രഹം,
ക്ഷേത്രത്തിൻ പടിവാതിലിൽബത! ചവി
ട്ടേല്ക്കുന്നതും കല്ലുതാൻ!
രണ്ടിനുംവില, ദാർഢ്യ, മൂക്ക, ജനിയിത്യാ
ദ്യങ്ങൾ തുല്യം ദൃഢം;
കൊണ്ടാട്ടത്തിനു ലക്ഷ്യമൊന്നു, പുനരന്യം
നിന്ദ്യഃമററം സദാ! 106

ചുട്ടീടും വെയിലത്തു പാന്ഥനൊരുവൻ
ചെന്നെത്തിനാൻ, നൽപന—
ഞ്ചോട്ടിൽ, തൽക്ഷണമൂക്കിൽ വീണുത
ലയിൽ കായൊന്നു, പൊട്ടീതല!
ഭാഗ്യംകെട്ടവനെങ്ങുമില്ല ഗതി; യാമർത്ത്യൻ
വസിക്കുന്നിട—
ത്തൊക്കെത്തന്നെ വിപത്തുമെത്തു;മു
ലകം "പാപിക്കപാതാള"മാം!! 107

"പൊന്മാ" എന്നമൃഗത്തിനെ ഭുവിജനം മു
മ്പെങ്ങുമേ കണ്ടതി—
ല്ല, മ്മാനിൻെറ ചരിത്രമാരുമണുവും
കേട്ടിട്ടുമി, ല്ലെങ്കിലും
വൻമാഹാത്മ്യമെഴുന്ന രാഘവനതിൻ
മായയ്ക്കു കീഴ്പ്പെട്ടു പി—
ന്നിമ്മന്നിൻ ബഹുദൂരമോടി; മുടിവിൻ
കാലത്തു പിച്ചേലപ്പ്ട്ടും! 108

അല്ലേ, വൃദ്ധ! ഭവാൻെറ മൂർദ്ധ്നി കച
മെല്ലാം ഹന്ത! പാരം വെളു—
ത്തല്ലോ? താങ്കളതിൻെറ ഗൗരവമറിഞ്ഞി
ട്ടുന്നതില്ലെങ്കിലും;
ജന്മം വ്യർത്ഥമതാക്കിനിങ്ങ,ളതുകൊണ്ടീ
ശൻ ശിരസ്സിൽ പരം
ഭസ്മം വാരിയെറിഞ്ഞതാണു; ദുരിതം!
തുത്തീടിലും പോയിടാ!! 109

ശ്രേഷ്ഠൻ ബ്രാഹ്മണനും, പിഴച്ചകുലമാർന്നു
ള്ളോരു ചണ്ഡാളനും
തിട്ടം തൻധനരാജിയിൽ പ്രമുഖമാം സ
ന്താനമാകും ധനം;
തച്ചിട്ടാലും നവചന്ദനാദികളരച്ചുണ്ടാ
ക്കിടാതെന്നുമുൾ—
ത്തട്ടിൽ കുട്ടികളാര്യ ലേപനമഹോ!
സാധിപ്പൂതൻ കേളിയാൽ!! 110

മുട്ടിന്മേൽനീന്തിവീട്ടിൽ കുതുകമൊടു
സദാസഞ്ചരിച്ചോമനപ്പൂ—
മൊട്ടൊക്കും പല്ലുകാണിച്ചഴകൊടുവി
വിധംക്രുത്തടിക്കുന്ന ബാലർ
സ്പഷ്ടം തൻ താത മാതാക്കളിലനുനിമിഷം
ചേർക്കുമാനന്ദപൂരം
കഷ്ടപ്പെട്ടാലുമോതാനരുതു! തികവെഴും
ഭാഗ്യവാന്മാർ പിതാക്കൾ!! 111

ശാന്തന്മാരെന്നുവച്ചിട്ടുരുതരമിതരന്മാ
ർക്കുനാംപീഡ ചേർത്താൽ
കുന്തം പക്ഷേ ഭവിക്കാം, ഫണിയുടെ ര
ദനംതൊട്ടിടും വേളയിൽപോൽ!
ചിന്തിക്കൂ ചന്ദനത്തിൻകഥ, വലിയതണു
പ്പുററു, വൻമർദ്ദനത്താൽ
ചെന്തീചിന്തുംക്രമത്തിൽ; യമികളിലൊ
ളിയും കോപമാണേററമുഗ്രം! 112

കെല്പില്ലാത്തവരെങ്കിലുംസ്വജനതാ ബ
ന്ധത്തെ നാംസൂക്ഷ്മമോ—
ടെപ്പോഴും കരുതേണം, മായചരിലും
നമ്മെ ത്തുണപ്പോർപെടാം;
അല്പൻതാനു“ മി” യെങ്കിലുംഭവി മുളച്ചീ
ടാൻസഹായംപരം
ചേർപ്പൂ ധാന്യനിരസ്സൂവൻ, ചെറുതക
ന്നെന്നാൽ കരിഞ്ഞീടുമേ! 113

പാരംദുർബ്ബലമെങ്കിലും പലപദാർത്ഥം
ചേരുകിൽകാര്യമാം;
തീരെക്കെൽപ്പു കുറഞ്ഞമർത്ത്യരൊരുമിച്ചാലും
ബലം കൂടിടും;
ആരുംതള്ളിന പുല്ലുപോലുമധികം യോ
ജിക്കിലുണ്ടാം വടം
വീരൻ കുംഭിയെ യാട്ടുപോലെയുടനേ
ബന്ധിക്കു, മെന്തത്ഭുതം!? 114

വംശത്തിൻെറവലിപ്പവും പുകളതും കോ
ണ്ടെന്തു കാര്യം? പരം
വൈശിഷ്ട്യം നരനേകിടും മഹിതമാം ശീ
ലം, ജനാരാധിതം,
ആശിക്കും പടിവർണ്ണവും, പെരുകിടും സൗ
രഭ്യവും, മേന്മയും
ഭാസിക്കും കുസുമത്തിനും, പുഴുപിടിച്ചെ
ന്നാൽ പിഴച്ചൊക്കെയും!! 115

സാരം ചേർന്നിട്ടുമാശയം സരസമാം വാക്യങ്ങ
ളിൽ കോർത്തുകൊ—
ണ്ടാരോതുന്നു? മികച്ച വാഗ്മിയവനാം; സന്ദേ
ഹമില്ലല്പവും;
തീരെസ്സാരമെഴാത്ത കാര്യമധികം വാ
ക്യം പൊഴിച്ചോതുവോൻ
പാരംമൂഢ, നവന്നു നാമമരുളാം "വാ
യാടി" യെന്നുത്തമം! 116

കാലം നല്ലതുവന്നിടും ദശയിൽ നാം പാരം
മദിക്കുന്നതും,
മാലേകും "കെട്ടുകാല" മാകുമളവിൽ കേ
ഴുന്നതും വ്യർത്ഥമാം;
ഫാലത്തിങ്കലധീശ്വരൻ നെടിയ കൈ
ത്താരാൽ കുറിച്ചുള്ളപോൽ
കാലേ "കർമ്മഫല" ങ്ങൾ വൻതിരകളായ്
വന്നിങ്ങടിക്കും സദാ! 117

സ്രഷ്ടാവാദ്യമഹോ! നരന്റെ തലയിൽ രേഖ
പ്പെടുത്തും കുറേ
സ്പഷ്ടംവൎണ്ണ്യ, മതിങ്കലൊന്നുമിതരൻ
മായിക്കയില്ലല്പവും;
കഷ്ടപ്പെട്ടു മഹേശ്വരൻ, മഹിതനാം
ശ്രീവിഷ്ണുതൊട്ടുള്ളവർ
മുട്ടൻ വേലകഴിക്കിലും നഹിഫലം;
മുൻരേഖപോൽ സംഭവം! 118

അൎത്ഥിക്കാതെകൊടുക്കു, മൎത്ഥന തുടൎന്നാ
ലും കൊടുക്കില്ല താൻ,
സ്വത്തെല്ലാമുടനേഹരിച്ചു നരനേയൻപ
റവുതെണ്ടിച്ചിടും!
ഇത്ഥംതോന്നിയമട്ടിലാണു വിധിതൻപോ
ക്കെപ്പൊഴും; ഭൂതലം
മൊത്തത്തിൽ "കീഴുമേൽമറിച്ചു"ബല
വാൻ ചാലേഭരിക്കുന്നഹോ! 119

ദൈവംതാൻ പ്രതികൂലമെങ്കിലിഹ
നാം ചിന്തിച്ചിടുംപോലവേ
കൈവന്നീടുകയില്ലനന്മ; വരുമെന്ന
ൻപോടുറച്ചീടിലും;
ദൈവത്തിൻകനിവല്പമുള്ളസമയം
ദോഷങ്ങളെല്ലാംക്ഷണം
ശ്രീവൎദ്ധിച്ചുഗുണങ്ങളായിമറിയും, ന
ല്ലിന്ദ്രജാലപ്പടി!! 120

ബ്രഹ്മാവിന്റെഹിതം തിരക്കിമതിമാൻ
ശ്രീ ചിത്രഗുപ്തൻ,ശരി—
ക്കോൎമ്മിച്ചുഗ്രതരം കറുപ്പുമഷിയിൽ
ഭാഗ്യം കുറിക്കുംദൃഢം;
"വിമ്മിട്ടം"വരുമെന്നുകണ്ടു ചിലതെല്ലാം
മാററിവേറാക്കുവാൻ
നമ്മൾക്കല്ല ജഗൽപിതാക്കളമരന്മാൎക്കും
ബലംപോരഹോ! 121

സാരംകൂടിയസദ്വചസ്സുനിയതം ചൊ
ല്ലിക്കൊടുത്തീടിലും
ചോരൻ, ദുഷ്ടനിവൎക്കുഴന്നഹൃദയം
നന്നാകയില്ലല്പവും;
ധാരാളംനദിശുദ്ധമാംജല മലംകൊ
ണ്ടങ്ങുചാടിക്കിലും
തീരുന്നില്ലകുറച്ചുമല്പകടലിൽ കഷ്ടം!
കുറേക്കൂടിടും!! 122

ബുദ്ധിപ്രാഭവമുള്ളവൻ, ചതിയനേ
ദ്വേഷിക്കയോ, സ്നേഹമോ—
ടൊത്തെന്നും പരമാദരിച്ചിടുകയോ
ചെയ്കില്ല, രണ്ടും പിഴ;
മെത്തും കോപമൊടേ കടിക്കില്ല,മ
ടുത്തെത്തീട്ടുനക്കീടിലും
മർത്ത്യക്കേറ്റവെറുപ്പുചേർപ്പൂശുനകൻ,
നിന്ദ്യൻ,സദാനിർഗ്ഗുണൻ! 123

പാട്ടുംശാരിക,ശബ്ദവൈഭവവശാൽ
ക്കൂട്ടിൽപിണഞ്ഞേററവും
കഷ്ടപ്പെട്ടുശപിച്ചിടുന്നു തനതാംജന്മത്തെ
യെന്നാളിലും!
ഒട്ടുംശബ്ദമെഴാതെ രാപ്പകൽ വെറും
മൗനം ഭജിക്കുന്ന "കൊ—
ക്കു" ട്ടാശങ്കമുപദ്രവങ്ങളരുളിപ്പാരം
സുഖിക്കുന്നു ഹാ! 124

വിദ്വാന്മാർ പെരുകും സദസ്സിലുടനേ ചെ
ന്നെത്തിടും വിഡ്ഢികൾ—
ക്കത്യന്തം തുണമൗനമേകം, മവർതൻ സാ
ക്ഷാൽ നിറംമൂടിടും;
ചീത്തയ്ക്കെപ്പൊഴുമാസ്ഥയുള്ള വധു
വിൻ സ്വാതന്ത്ര്യമൂക്കോട്ടു നാം
നിർത്തീടുംപടിനാക്കിനേക്ഷണമവർ
ബന്ധിക്കിലോ മാന്യരാം. 125

പാപികളുള്ളിൽ വിടിൻ നില്ക്കുമളവിൽ
പത്മത്തിന്നേ ഭാസ്കരൻ
ലോപംവിട്ടു തുണച്ചിടുന്നു; ചുവടറ്റെ
ങ്ങോകിടക്കും വിധൗ
താപം ചേർത്തുകരിച്ചിടുന്നു തപനൻ;
സ്ഥാനത്തു നിന്നാൽ വരും
ശ്രീ, പത്തൊന്നു പറിച്ചുവസ്തുകിലഹോ!
പിന്നീടു നാശം ഫലം!! 126

വാക്ക, ശസ്ത്രം, നിഗമം, വിപഞ്ചി, പുരുഷൻ,
സ്ത്രീ, യശ്ശ മെന്നിവക-
യ്യോക്കെല്ലാം ഗുണമുണ്ടു ശാശ്വത, മ
തിൻ നാഥർക്കെല്ലാളുകിൽ;
ഉൾക്കാമ്പിൽ ഘനത്വം, ഭരിപ്പിനു ബലം
താനും വഹിക്കാത്തവൻ
വെക്കംചീത്തകളാക്കിടും സകലവും, സ
ന്ദേഹമില്ലല്പവും. 127

മാഹാത്മ്യം കലരുംജനത്തൊടിടപെട്ടാലെ
ത്രനിസ്സാരനും
സൗഹിത്യം കലരുംനിതാന്ത, മതിനില്ലേ
ത്തും വികല്പംഭുവി,
വെള്ളത്തുള്ളികളാമനോജ്ഞതമമാം
രാജീവ പത്രങ്ങളിൽ
കൊള്ളുമ്പോൾ വിലസുന്നമുത്തുകൾ കണ,
ക്കാരുംകൊതിക്കും, ദൃഢം!! 128

ശിഷ്ടന്മാരുടെദർശനം പുരുതരം പുണ്യാ
സ്പദം , കോവിലിൻ—
മട്ടേകും ശുഭശീതളം മതിതളിക്കാനന്ദ
മാസ്സംഗമം;
ഒട്ടൊക്കെസ്സമയം പിടിക്കു മുതകാൻ തീ
ർത്ഥാടനത്തിൻ ഫലം,
പെട്ടെന്നേകുമതീവനന്മ മഹിതന്മാരു
ള്ളസന്ദർശനം. 129

സ്വർണ്ണത്തിൻ സഹവാസമെത്ര ഫലമുണ്ടാ
ക്കും കരിക്കട്ടയിൽ?
പൂർണ്ണം മാരതക പ്രശോഭ തടവിബ് ഭം
ഗ്ല്യാസ് സ്ഫുരിക്കും ക്ഷണം!
പുണ്യം കൂടിയ മർത്ത്യരോടിടയുകിൽ പെ
ട്ടെന്നവൻമൂർഖനും
ഗണ്യസ്ഥാനമണഞ്ഞു, വിജ്ഞത വഹി
ച്ചൻപോടു മിന്നും ധ്രുവം. 130

മോരിൻചേർച്ച പയസ്സിലെത്ര വലുതാം
മാററം വരുത്തീടു, മാ—
കാരംമാറു, മതിൻെറ നല്ല രുചിപോം;
മേറുംപുളിപ്പും ക്ഷണം;
ക്രൂരന്മാരൊടുചേർച്ച, തെല്ലുമരുതേ, ന
മ്മൾക്കെഴും നല്ലതാം—
പേരും ശീലവുമൊക്കെയങ്ങു മറയും;
മുട്ടാളരാംനമ്മളും! 131

ദീപജ്വാലകണക്കുദുഷ്ടരൊടെഴുംബ
ന്ധം, സുപാത്രങ്ങളേ
ധൂമത്താൽ കലുഷങ്ങളാക്കു,മഖിലം
കത്തിച്ചിടും "സൽഗുണം"
"സ്നേഹ"ത്തെന്നിയതം കുറക്കു, മിനിയും
പാപംപെടാതുള്ളതാം
ദിക്കിൽ "ദോഷ"മലംചെലുത്തു,മിതു
മട്ടൊന്നില്ലവർജ്ജ്യംഭുവി!! 132

ദുർവൃത്തന്മാരൊടുണ്ടാംസഹകരണമനർ
ത്ഥാശയന്മാക്കുപോലും
ദുർവാരക്ലേശമൂലം; തെളിവതിനു
പാരംകണ്ടിടാംപാർത്തിടുമ്പോൾ;
സർവ്വജ്ഞൻരാഘവൻതൻപ്രിയതമയെ
മഹാദുഷ്ടനാംരാവണൻ, വൻ—
ഗർവ്വാൽമോഷ്ടിച്ചു; പാവംകടൽ,കട
നകരം"ബന്ധനം"കൈവരിച്ചു!, 133

ദുഃഖാഗ്നിപ്രോജ്ജ്വലം, ദുർഗ്ഗമനവിധുരി
തം, ധൂമിതം, ഭീകരം ഹാ
മുഷ്കാളും ലോക കാരാഗൃഹ, മതിനെ വെ
റുത്തീടുമാരും മഹാന്മാർ!
ഉൾക്കാമ്പിൽ പ്രീതിപൂർവ്വം പ്രതിനിമിഷ
മതിൽ കൂത്തടിക്കുന്ന ഹൃത്തേ!
വാഴ്ക്കും സന്താപമുണ്ടാം; കരുതുക രഭസം
വൻവിപത്തിൽ പതിക്കും!! 134

ദാനത്താൽ പാട്ടിലാക്കാം മനുജനു മഹിയിൽ
സർവ്വരേയും; സുമിത്ര —
സ്ഥാനത്തിൽ പിന്നെയെത്തും, പകയൊ
ടുമരുവും ക്രൂരരും ദാനശക്ത്യാ;
സൽക്കാരം മൂലമാരും ശരിവരെയുടനേ
ബന്ധുവാകും; മികച്ചും
ദുഃഖങ്ങൾക്കും വരുത്തും മുടിവിതു; പര
മോൽകൃഷ്ടമേ ദാനമെന്നും! 135

ധാരാളം ധനമുള്ളവൻ പുരുതരം പാപങ്ങ
ൾ ചെയ്തീടിലും
സാരം ചെററതിനില്ല; മാന്യത കുറയ്ക്കാറില്ല
വന്നാരുമേ;
തീരെപ്പാവമൊരുത്തനെത്ര വരമാം
വംശേ ജനിച്ചീടിലും
പാരം പുണ്യമെഴുന്നവനു, മുലകം മാനി
ക്കയില്ലല്പവും! 136

ക്ഷുത്താൽ വാടിന മക്കളും, കൃശമെയ്യൊടാ
ത്തുള്ളോരു ദാരങ്ങളും,
നിത്യം ചോർച്ചകലർന്ന വീടു, മധികം നാ
റുന്ന മുററങ്ങളും,
അത്യന്തം പുകയേററിടുന്ന മുറിയും, വൻ
രൂക്ഷമാം തീററിയും,
കുത്തും മൂട്ടവളർന്ന കട്ടിലുമഹോ മർത്ത്യക്ക താ
പാസ്പദം! 137

കോപാന്ധനായി മറിയുന്നവനും, തണുപ്പു
വ്യാപിച്ചതാം ജലമെടുത്തു കുളിക്കുവോനും
താപം തനിക്കുമിതരർക്കുമണസ്സുമേററം;
ഹാ! പോകനല്ലതവ,നന്യഗൃഹം തിരക്കി! 138

ശൂരൻ നൂറിനു കാണുമൊന്നു; സുധിയായ്
　　തീരാമൊരാ‘ളായിരം
പേരിൽ തീർച്ച്; സുവാഗ്മിയായ് വരു
　　മൊരാൾ പത്തായിരത്തിൽ ദുർല്ലഭം;
ചേരാ കോടിയിലൊന്നുപോലു മുലകി
　　ൽദാനസ്വഭാവം കല—
ർന്നോ,രുമ്പോൾ പരമത്ഭുതം വരു,മിഹ
　　ത്തിൻ വേരുദാനോത്സുകൻ! 139

ഓർത്താൽ ദാനപരൻ പിശുക്കു; നണുവും
　　ചത്താൽ കൊടുക്കില്ലയാൾ;
വിത്തംസ്വപ്നമതിന്നുമുൻപു“സഹജ”ർക്കാ
　　യിപ്പകുത്തേകിടും;
ലുബ്ധൻപട്ടിണികൊണ്ടു നേടിയധനം
　　പാടേത്യജിച്ചിട്ടുപോം;
പുത്രന്മാർക്കതുതോന്നിടുംപടി“പൊടി”ച്ചീ
　　ടാംപിശുക്കെന്നിയേ! 140

അന്യന്മാർക്കൊരുകാശുപോലുമരുളാ,താ
　　നേവ്യയം ചെയ്യിടാ,
മാന്യന്മാരൊടടുത്തിടാ ചെലവുതാൻനമ്മൾ
　　ക്കിദംഭീതിയാൽ;
പിന്നെന്തിന്നിഹ,ഷണ്ഡനാവനിതയേ,തൊ
　　ട്ടമ്പിൽവാഴുന്നപോ—
ലിന്നാണ്യംബത! വച്ചിരിപ്പുവെറു
　　തേലുബ്ധൻ? വിചിത്രംകഥ!! 141

“സന്താനംജാതമായാൽപുനരതുതനതാം
വിത്തമെല്ലാംവ്യയംചെ-
യ്യേ,ന്തായാലുംതൎക്കം;പരനതിലധി
കംഭാഗവുംചെന്നുചേരും”
ചിന്തിച്ചേവംപിശുക്കൻ,ഭയചകിതന
ഹോ! ഭാൎയ്യയേപുൽകുവാനും
സന്തോഷംപൂണ്ടിടാതങ്ങനെകഠിനമനസ്സാ
യിവൎത്തിച്ചിടുന്നു! 142

കഷ്ടപ്പാടുകഴിച്ചുവേണമധികം സമ്പാദ്യമു
ണ്ടാക്കുവാ—
നിഷ്ടന്മാൎക്കുമതല്പമൊന്നുപകരിച്ചെന്നാൽ
നമുക്കല്ലലാം;
കഷ്ടം! നാംമൃതരായിടുന്നസമയം ബന്ധുക്ക
ളാംദുഷ്ടർവ-
ന്നിഷ്ടംപോലെപകുത്തെടുത്തനുഭവിച്ചീ
ടുന്നു; നോക്കുകഥ!! 143

മുള്ളുക്കൂട്ടമിലവിൽ സുമങ്ങളലമുണ്ടു,കാൎയ്യ
മതുകൊണ്ടുചെ—
റ്റില്ലശാരികതുടങ്ങിയുള്ളവിഹഗത്തി
നൊന്നുമൊരുനാളിലും;
തെല്ലുപോലുമലിയാത്തലുബ്ധനുകണ
ക്കെഴാതെവിഭവങ്ങളു—
ണ്ട,ല്ലലോടരമിരപ്പവൎക്കൊരുകാശ
വൻപ്രിയമൊടേകിടാ! 144

വിത്തത്തിങ്കലനല്പമാശധനികന്മാൎക്കാണു;
ചിത്തംകിട—
ന്നത്യന്തംപുകയുന്നുവിത്തകന,തുല്യാ
ശാഖ്യമാംവഹ്നിയിൽ;
പാൎത്താലുംബത! രണ്ടു“കോടി”കലരും
വില്ലത്ര“ലക്ഷ”ത്തിനായ്
ഗാത്രംമൊത്തമുടൻ വളച്ചുനമനംചെയ്യു
ന്നനാണംവിനാ! 145

പ്രാപിപ്പാനവകാശമുള്ളതുനമുക്കെന്നെങ്കി
ലുംകൈവരും;
ലോപിപ്പിപ്പതിന്നോ, മുടിക്കുവതിന്നോ
ദേവക്കുമെത്താബലം;
ആപത്തിങ്കലുമപ്രകാര, മുയരുംസമ്പ
ത്തിലുംവിസ്മയം,
താപംതൊട്ടവ പേറിടേണ്ടചെറുത്തും;
തന്റേതു തന്റേതുതാൻ? 146

ഓടേണ്ടാ, തേടേണ്ടമർത്ത്യാ! കമലയെ,
യതിനാൽ കൈവരുത്താൻപ്രയാസം;
കൂട്ടം വേഗേനപാഞ്ഞുള്ളവരുടെ പിടി
യിൽ"പെണ്ണു" പെട്ടില്ലപണ്ടും;
തേടിക്കണ്ടാൽ പിടിക്കാം സരഭസമവ
ളേ യെങ്കിലോ, മാത്രതോറും
മോടിക്കോട്ടുന്നപട്ടിക്കുടനടിവിഭവം
കിട്ടണം പൃഷ്ടമോദം! 147

ചൊല്ലേറുന്നൊരു കാഞ്ചനാദ്രിതനതാ,
ണെന്നല്ലഹോ! കാമ്യമാം
വെള്ളിക്കുന്നിനു നാഥനാദ്ധനദനോ ക്ര
റാളിടുംസ്നേഹിതൻ;
എല്ലാമിങ്ങനെയൊത്തു ചേർന്നിടുകിലും
സാക്ഷാൽ ശിവൻതെണ്ടണം
തെല്ലാഹാരമുദിപ്പതിന്നു; വിധിതൻ ദൗ
ഷ്ട്യം വിചിത്രം പരം!! 148

പോരാ, താനൊരു ദൈവമാണു; ഹിമവാൻ
പത്നിക്കെഴും താതനും;
ഹേരംബൻ, ബഹുവിക്രമൻ തനയനാം;
ദേവേന്ദ്രനും കുമ്പിടും;
വീരൻ ശംഭു, വിതൊക്കെയാകിലുമഹോ!
പാരം കുഴങ്ങുന്നു! നാ—
മാരും ദുർവ്വിധി തന്റെ പാട്ടിലമരും പാ
വങ്ങൾ താൻ സർവ്വദാ! 149

തന്ത്രമെന്ത്രവശമാക്കിയോന്നുമടിയും ദ്രുതം
മഹിളമാക്കെഴും
മന്ത്രവിദ്യയി;ലതിങ്കൽ നിന്നു കരയേറു
വാനുമിടയായിടാ;
അന്തമററ വികടത്വവും, വിരുതുമുള്ള
കാകനനുവാസരം
ചിന്തയററു കുയിലിൻ പിടസ്സടിമയായി ഹ
ന്ത! വലയുന്നതേ!! 150

ക്രൂരമ്പിൻ മുനയേയുമുഗ്രതവളന്നമ്പോ!
ജയിക്കും ക്ഷണം
നാരികളുള്ള കടാക്ഷ, മായതുതകക്കും വി
ശ്വവുംവാശിയാൽ!
ത്തേ, രശ്വം, ഗജ,മാളിവററകലരും വൻ
സൈന്യവും തോററിടും
വീര്യംവാച്ച കടാക്ഷമാമസിയെടുത്തോ
ങ്ങീടുകിൽ പോല്പമേ!! 151

ഭാഷാമാലയിൽ മേൽതരം കരുതുകിൽ
ഗീർവ്വാണമാ,ണായതിൽ
ഭേഷായുള്ളതു കാവ്യശാഖ, യതുതാൻ മ
ർത്ത്യക്കു കല്പദ്രുമം!
തോഷം, സംസ്കൃതമാനസത്വമിവ ചേർപ്പാ
നത്ര"സൽഭാഷിതം"
ശേഷിപ്പെട്ടതുപാര; മന്യമതിലും താ
ഴെക്കിടക്കുംദൃഢം! 152

അന്നം, വാരി, സുഭാഷിതം, മണികളീ മൂ
ന്നൊന്നു വിദ്വൽകുലം
മുന്നം തന്നെനിനച്ചറിഞ്ഞു ദൃഢമായ് സ്ഥാ
പിച്ചുകില്ലെന്നിയേ;
എന്നാൽ മൂഢർകുറച്ചുപേർ, ദ്യുതിയെഴും
പാഷാണഖണ്ഡങ്ങളേ
രത്നാഭിഖ്യ കൊടുത്തുയത്തിനിയതം സേ
വിച്ചിടുന്നുമുഢാ! 153

സത്തേറുന്നസുഭാഷിതങ്ങൾ ഹൃദയേധാരാ
ളമായ് സംഭരി—
ച്ചെത്തേണം സഭയിൽ പ്രസംഗക,നുടൻ ന
ന്നായ് പ്രസംഗിച്ചിടാം;
പ്രത്യേകം കരുതാതെയജ്ഞമതിനായ്
ഭാവിപ്പവൻ, ദക്ഷിണ–
ക്കത്യന്തം വിഷമിക്കു;മൊന്നുമറിവിൽ
കിട്ടാതെ ലജ്ജിച്ചിടും! 154

ലീലാലോലുപരാം കിടാങ്ങളു,മലം സ
മ്പത്തു നാനാവിധം
ചേലിൽ ചേപ്പൊരുനല്ലതായ പശു
വും വീടേതിലുണ്ടോ സദാ?
കാലംകൊണ്ടഭിവൃദ്ധിവന്നുവരമാഗേഹം
ജനാരാദ്ധ്യമാം!
മാലുണ്ടാക്കിടുമന്യഗേഹ, മതിനേ കാ
ന്താരമെന്നോതണം!! 155

വിത്തംന്യായനിലക്കു നേടി, യതിഥി
മാലക്കു മോദംകൊടു—
ത്ത,ത്യന്തംപ്രിയമോടുശാസ്ത്രതതിയും,
തത്വങ്ങളും നോക്കിയും,
സത്യം തന്നെയുരച്ചുമേതുഗൃഹിയാം വാ
ഴുന്നതി, ങ്ങായവൻ
പ്രീത്യാമോക്ഷമെടുക്കു; മന്യനുഗുണം കി
ട്ടാ; പരം നിന്ദ്യനാം! 156

അന്യന്മാരുടെകുററമോത്തുമളവിൽദ്ദുഷ്ടന്നു
പത്തുണ്ടുനാ—
ക്കൊ,ന്നായാവുകനോക്കുവാൻനയനമോ?
പാത്താൽസഹസ്രംവരും;
“കന്ന”ന്നായിരമുണ്ടുകൈകൾവിജയന്നൊപ്പം,
ദരിദ്രക്കേഴും
ധാന്യം, വസ്തുതുടങ്ങിയുള്ളവഹരിച്ചീടാ
ൻ, കട്ടുപ്പംവരം! 157

എപ്പോഴുംശിരസ്സിങ്കൽവച്ചുബഹുധാ“സ്നേ
ഹേ”നലാളിക്കിലും
വായ്പാളുംകചമെന്നപോലെഖലനും
വക്രതാമേതുംവിടാ:
കെല്പേറുംമൃഗരാജിയുംപരിചരിച്ചെന്നാ
ൽവശപ്പെട്ടിടും;
സ്വല്പംപോലുമടക്കയില്ലഖലൻ,നെന്നു
ല്ലേകിടുംദ്രോഹവും! 158

ചിന്തിക്കാതെപറഞ്ഞുനമ്മൾവിടുമാവാക്യ
ങ്ങളിൽകണ്ടിടാം
വൻതെററും,പലനിസ്സാരമാംമൊഴികളും
ചപ്പും,ശകാരങ്ങളും;
പൊന്നുംദുഷ്ടതവാച്ചമർത്ത്യ,നവയിൽദുഷ്ട
ള്ളഭാഗംതിര—
ഞ്ഞെന്നും;കൊണ്ടുനടക്കമെങ്ങു,മശനംപ
ന്നിക്കമേധ്യംവരം! 159

ലോകത്തിന്നുവെളിച്ചമേകുമരുണൻ മൂ
ങ്ങക്കുപാർത്താൽമിഴി—
ക്കാകപ്പോടെ കറുത്തവസ്തു, ചളിതൻക
ട്ടക്കുതുല്യം തുലോം!
ധീ,കമ്രപ്രഭയാൽ തെളിക്കുമമലംശാ
സ്ത്രം; ഖലന്മാർക്കകേ—
ത്തേകുംമുഷ്ക്കുതു; തെല്ലുനോക്കുമളവി
ൽപാരംമദിപ്പോരവർ!! 160

ധാരാളംവിലയേറുമാഭരണമുണ്ടെന്നാ
ലു, മാനാരിതൻ—
ചാരുപ്രൗഢഗളത്തിനാഭയധികംചേ
ർക്കുന്നത്“താലി”താൻ;
പാരംവിദ്യകൾനേടിയോരുവിരുതൻ
മർത്ത്യന്നു,നാല“ക്ഷരം”
ചേരായ്കിൽഫലമെന്തു? വാസനയെ
ഴാപ്പുവിന്നക്രട്ടാണവൻ! 161

നമ്മെപ്പോററിടുമാഴ്ന്നാം നൃപതിയെപ്പ
ററിട്ടുംഷിച്ചീടൊലാ;
തിന്മാഴ്ക്കാസ്പദമാണക്കൃത്യമതഹോ!നിന്ദ്യം;
നികൃഷ്ടംപരം!
സമ്മേളിച്ചുജനങ്ങൾവാഴുമളവിൽ സമ്മാന്യ
നാംഭൂപനെ
ച്ചെമ്മേനമ്മൾപുകഴ്ത്തിയൻപൊടുനടത്തേ
ണംപ്രസംഗംമുദാ. 162

മർത്ത്യന്മാരഖിലംദിനംപ്രതിനടത്തീടേണ്ട
താംകൃത്യമൊ—
ന്നത്യന്തംമഹനീയമായതു,കിടക്കുന്നുണ്ടു
മന്ദിച്ചുവഹോ!
"സത്താകുംവിധമോ, മൃഗത്തിനുസമം
തോന്നുംപടിക്കോ,ദിനം
നിത്യംതള്ളിയയച്ചതെന്നുസുദൃഢം
ചിന്തിക്കണംശാന്തമായ്" 193

ഗന്ധംകൊണ്ടുമൃഗങ്ങൾ കാഴ്ചമറിയും; സൂ
രീന്ദ്രർവേദങ്ങളാൽ;
ചന്തത്തിൽധരപോററിടുന്നനൃവരൻ
ചാരൻനിമിത്തംസദാ;
സ്വന്തംകണ്ണുകൾകൊണ്ടുതന്നെയറിയും
സാധാരണക്കാരിദം
ചിന്തിച്ചാൽവിവിധത്വമിങ്ങുപരമു
ണ്ടെന്നാക്കുമേ കണ്ടിടാം! 164

ബാലൻതന്നെകഥിക്കിലുംസുവചനംനാ
മാദരത്താൽഗ്രഹി—
ച്ചാലോചിക്കണം,മായതിൻപൊരുളമാ
ന്തിക്കാതെയെക്കാലവും;
ചേലൊളുംചെറുദീപമാനിശകളിൽ
ചെയ്‌വൂസഹായംധര—
ക്കാലംബംരവിയാകിലും, ഗുണദമാം
നിസ്സാരവസ്തുക്കളും. 165

## സുധാലഹരി.

വിദ്വാൻ ജോസഫ് മുകളയിൽ അവർകളാൽ അപ്പപ്പോഴപ്പോൾ വിരചിതമായിട്ടുള്ള ഏതാനും കാവ്യഖണ്ഡങ്ങളുടെ ഒരു സമാഹാരമാണ് സുധാലഹരി. ഒരു വാസനാകവിയായ വിദ്വാൻ ജോസഫിൻെറ കവിതാവാസനയ്ക്കും തത്വചിന്തയ്ക്കും ഇതിലെ പല പദ്യങ്ങളും ധാരാളം സാക്ഷ്യം വഹിക്കുന്നുണ്ട്.

"കഷ്ടം! മനുഷ്യരൊരു ചിന്തയുമെന്നിയേതമ്മിൽ
ദുഷ്ടതവമോടു "കടിയുംപിടിയും" നടത്തി
കഷ്ടപ്പെടുന്നു; ധര ദുർഗ്ഗതിയാക്കിടുന്നു
നഷ്ടംനമുക്കതുവരുത്തു, മതോർപ്പതില്ല!!"

ഇത്തരം എത്രയെത്ര സാധാരണ തത്വങ്ങളേയാണ് സുധാലഹരികൊണ്ടു കാണിച്ചിരിക്കുന്നത്! ഇത്തരംപുസ്തകങ്ങൾ പാഠപുസ്തകപട്ടികയിൽ കയറിപ്പററിയിരുന്നെങ്കിൽ അതുകൊണ്ട് ഉപകാരമുണ്ടായേനേ! കൃതിക്കു പ്രചാരമാശംസിക്കുന്നു. ഗ്രന്ഥകാരനേ അഭിനന്ദിക്കുന്നു.

കുടുംബദീപം.

## മരന്ദമാധുര്യം.

സ്നേഹപൂർവ്വം അയച്ചുതന്ന "മരന്ദമാധുര്യം" കിട്ടി. ഒരുകുറി ആദ്യന്തം വായിച്ച് ആസ്വദിച്ചു. ഈ ഗ്രന്ഥനിർമ്മിതിയിൽ നിങ്ങളേ ആത്മാർത്ഥമായി അനുമോദിച്ചുകൊണ്ടു വിരമിക്കുന്നു.

മഹാകവി ഉള്ളൂർ.

വിദ്വാൻ ജോസഫ് മുകളയിൽ അവർകൾ എഴുതിയ 12 ലഘു കാവ്യങ്ങൾ ഒരുമിച്ചുചേർത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ചെറുഗ്രന്ഥം വായനക്കാരിൽ രസാനുഭൂതിയേ സമുല്ലാസി

ഷ്പിക്കുവാൻ പര്യാപ്തമായിക്കാണുന്നു. ഇതിൽ കാണുന്നഹൃദയശൂന്യത, ദാരിദ്ര്യബാധ, കലാകാരൻ എന്നീക്കവിതകൾ ഞങ്ങളേ ഹഠാദാകർഷിച്ചിട്ടുണ്ട്.

ഭാഷാപോഷിണി.

സാഹിത്യലോകത്ത് "സുധാലഹരി" യാൽ സുവിദിതനായിത്തീർന്നിരുന്ന വിദ്വാൻ ജോസഫ് മുകളയിൽ അവർകൾ പ്രസിദ്ധീകരിച്ച ഏതാനും പദ്യകൃതികളുടെ ഒരു സമാഹാരമാണ് "മരന്ദമാധുര്യം."

"വരച്ചൊരു നിരാശയും വിശപ്പും കൊണ്ടുതല-
ന്നുച്ചരിക്കാതെ വായും തുവൽപോയ് കരങ്ങളും
അലസങ്ങളായെന്നാൽ തെററുണ്ടു; ധരാതലം
കലുഷവിലക്ഷണനരകസ്ഥലമാകും!
പട്ടിണിയിട്ടു ലോകം ഹാ! നിന്നെക്കൊല്ലുമ്പോഴും
പാട്ടുകൾ പാടീടണം; ചാകുമ്പോൾ നിന്നീടട്ടെ!"

ഇത്യാദി കരളലിയിക്കുന്ന വാസനാമനോജ്ഞങ്ങളായ കവനതല്ലജങ്ങൾ ഈ കൃതിയിൽ സുലഭങ്ങളാണ്. "പുൽക്കൂട്ടിലേ പൈതൽ" എന്ന കവിതയിലുള്ള

"നിനക്കുകിൽ ക്ഷണേനനാകതുല്യമായ മേടയി-
ങ്ങനർഘമൊന്നു തീർക്കുവാൻ കരുത്തെഴും മഹേശ്വരാ!
നിനക്കുഴക്കുവാച്ചൊരീത്തൊഴുത്തിൽ വന്നുദിക്കുവാൻ
മനസ്സുവന്നതത്ഭുതം! വിചിത്രമേ ഭവൽഗതി!!"

ഈദൃശഭാഗങ്ങൾ "ശ്രീയേശുവിജയം" മഹാകാവ്യത്തിലേ വർണ്ണനയുടെ ഒരു അനുകരണമാണെന്നു തോന്നാം. വിഷയസ്വഭാവത്തിലും ഉഭയകവികളുടേയും സങ്കല്പസംജാതൃത്താലും ഇപ്രകാരം സംഭവിച്ചതായിരിക്കണം. "മുററത്തേമുല്ലയോട്" എന്ന കാ

വ്യഖണ്ഡം മഹാകവി കുമാരനാശാൻ അവർകളുടെ "ചിന്താവിഷ്ടയായ സീത"യേ അനുസ്മരിപ്പിക്കുന്ന ഒരു സരസഭാഗമാകുന്നു. വിദ്വാൻ ജോസഫ് മുകളയിൽ അവർകളുടെ മരന്ദപൂർണ്ണമായ കവനകുസുമം വികസിതമാകുമ്പോൾ കൈരളീമാല്യം സുരഭിലസുന്ദരമാകുകതന്നെചെയ്യും. ഈ സാഹിതീബന്ധുവിനേ കേരളീയർ അകമഴിഞ്ഞ് അനുഗ്രഹിക്കുമാറാകട്ടെ.

കത്തോലിക്കാപ്രവർത്തനം.

പല കാവ്യഖണ്ഡങ്ങളുടേയും "സുധാലഹരി" എന്ന ഖണ്ഡകാവ്യത്തിൻേറയും കർത്താവായ വിദ്വാൻ ജോസഫ് മുകളയിൽ അവർകൾ വാസനാസമ്പന്നനായ ഒരു കവിയാണെന്ന് കേരളീയർക്ക് ഇതിനകം അറിയുവാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ തൂലികയിൽനിന്നു പ്രാദുർഭവിച്ചിട്ടുള്ള ഒരു നവീന ചെറുകാവ്യമാണ് "മരന്ദമാധുര്യം." പുൽക്കൂട്ടിലെ പൈതൽ, കീഴ്പോട്ടും നോക്കുവിൻ, ഹൃദയശൂന്യത, ആശ, ദ്രവ്യഭക്തൻ, ജീവിതമത്സരം, ദാരിദ്ര്യബാധ, പണത്തിൻെറ പുറകേ, കലാകാരൻ, മുററത്തെമുല്ലയോട്, ചന്ദ്രികയിൽ, മാതൃകാമഹിള എന്നിങ്ങനെ 12 ചെറുകവിതകൾ വിവിധവൃത്തങ്ങളിലായി ഈ പുസ്തകത്തിൽ കൊള്ളിച്ചിരിക്കുന്നു. കവിത ഓരോന്നും ഭാവനാസമ്പന്നംതന്നെ. തൻെറ കവിതകളിൽ പലേടത്തും ചിന്താശീലനായ കവി തത്വോപദേശം ചെയ്യുകാണുന്നതു് പ്രശംസാർഹമാണ്.

"ഗുണരാശിമികച്ചദോഷമായും
പരമാർത്ഥം പൊളിയായു,മത്രയല്ല
ക്ഷമശക്തിയെഴാസ്സയായുമത്ര
ഭുവനം കാണ്മതുപണ്ടുമിന്നുമെന്നും!"

ഇത്തരത്തിലുള്ള എത്ര അർത്ഥാന്തരന്യാസങ്ങൾ വേണമെങ്കിലും മരന്ദമാധുര്യത്തിൽനിന്നു് ഉദ്ധരിക്കുവാൻ കഴിയുന്നതാണ്.

കുടുംബദീപം.

വിദ്വാൻ ജോസഫ് മുകളയിൽ അവർകളുടെ "സുധാലഹരി"യുടെ രസലഹരിയിൽ നിന്നു സഹൃദയന്മാർ പൂർണ്ണമായി വിമുക്തരാകുന്നതിനു മുമ്പ് ഇതാ "മരന്ദമാധുര്യം" അവരുടെ മുൻപിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നു. നല്ല വാസനാബലവും പാടവവും പക്വതയും ലഭിച്ച ഒരു അനുഗ്രഹീതകവിയെന്ന് ഇതിനകം പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്ന മി. ജോസഫ് അദ്ദേഹത്തിന്റെ ഈ സദുദ്യമത്തിൽ ദൃഢമായി നിൽക്കുന്നു എന്നുകാണുന്നതുതന്നെ ആശ്വാസപ്രദം. അദ്ദേഹം പ്രതീക്ഷിച്ചതിലും കവിഞ്ഞ ചില പ്രോത്സാഹനങ്ങൾ ലഭിച്ചതുകൊണ്ടു കൂടിയാവാം അദ്ദേഹം സാഹിത്യരംഗത്തുതന്നെ വിഹരിക്കുന്നതു്. അദ്ദേഹത്തിനു ലഭിച്ച പ്രോത്സാഹനത്തിൽ അദ്ദേഹം കൃതാർത്ഥനാകുന്നുണ്ടെങ്കിലും അതു് ഒരിക്കലും അദ്ദേഹത്തെപ്പോലെ വാസനാസമ്പന്നനായ ഒരു കവി അർഹിക്കുന്നിടത്തോളം ആയിരിക്കയില്ലെന്നുള്ളതു തീർച്ചയാണ്. അതിനാൽ അദ്ദേഹത്തിന്റെ "മരന്ദമാധുര്യ"ത്തിന്റെ ആസ്വാദ്യതയാൽ സംപ്രീതമായി കത്തോലിക്കസമുദായം പ്രത്യേകം അദ്ദേഹത്തോട് ഉദാരമായി വർത്തിക്കുമെന്നാശിക്കാം. ഈ കൃതിയിൽ സഹൃദയന്മാരുടെ ക്ഷണത്തെ പ്രതീക്ഷിച്ച് അദ്ദേഹത്തിന്റെ "സാഹിത്യപേടക"ത്തിൽ വിശ്രമിച്ചിരുന്ന 12 ഖണ്ഡകാവ്യങ്ങളാണ് അടങ്ങിയിരിക്കുന്നതു്. അദ്ദേഹത്തിന്റെ കൃതികൾക്ക് സ്വതസ്സിദ്ധമായ അക്ലിഷ്ടതയും ലാളിത്യവും ഇതിൽ സുലഭമായിക്കാണാം. കവിതാവിഷയത്തിൽ അദ്ദേഹത്തിനുള്ള ദൃഢതയേയും വാസനാബലത്തേയും പററി ബോദ്ധ്യം നൽകുവാൻ ഠരം കൃതിയും ധാരാളം ഉതകുന്നുണ്ടു്. ഇദ്ദേഹത്തിന്റെ കവിതാപരിശ്രമം കൂടുതൽ പ്രോത്സഹനാർഹമായിത്തീരട്ടെ.

ചെറുപുഷ്പം.

വിദ്വാൻ മി. ജോസഫ് മുകളയിൽ പലപ്പോഴായി എഴുതി പത്രമാസികകളിൽ പ്രസിദ്ധംചെയ്തിരുന്ന പന്ത്രണ്ടോളം ഖണ്ഡകൃതികളുടെ സമാഹരണമാണ് ഞങ്ങളുടെ മുമ്പിലിരിക്കുന്ന "മ

രന്ദമാധുര്യം" എന്നകൃതി. സാഹിത്യാരാമത്തിൽ പാടിത്തെളിഞ്ഞിട്ടുള്ളംരംകവികോകിലത്തെ കേരളീയക്കു പരിചയപ്പെടുത്തേണ്ട ചുമതല ഞങ്ങൾക്കിത്തരുണത്തിൽ ഒട്ടുംതന്നേയില്ല. മരന്ദമാധുര്യത്തിലേ ഓരോ കവിതയും സരസകോമളമായിരിക്കുന്നു എന്നുപറയുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. "ഏലിയായും ആഹാബും" "സുധാലഹരി"യും എഴുതിയ പേനയിൽനിന്നു നിർഗ്ഗളിച്ച "മരന്ദമാധുര്യം" അവയിൽനിന്ന് ഒട്ടും ഭിന്നമല്ലാ എന്ന് നിഷ്പക്ഷപാതികൾ സമ്മതിക്കും. "പുൽക്കൂട്ടിലെ പൈതൽ" ഏററവും സുന്ദരമായിരിക്കുന്നു. അതിലേ

"മനോജ്ഞമായ പത്മവും മടുത്തുമണ്ടിടുന്നമ-
ട്ടനോപമം മനോഹരം പദങ്ങളും കരങ്ങളും
വിനോദമായ്ക്കുടഞ്ഞു ലോകമത്സരം പഠിച്ചിട്ടും
ജനോപകാരി ദീനരക്ഷകൻ ശരിക്കറിഞ്ഞു ഞാൻ"

എന്നപദ്യം ഏതൊരുവൻെറ ഹൃദയത്തേയാണ് ഹഠാദാകർഷിക്കാത്തത്? "കീഴ്പോട്ടുംനോക്കുവിൻ" എന്നതിലേ

"സൗഖ്യാമൃതപാനം മൂലംധരാതലം
സ്വർഗ്ഗമെന്നെണ്ണിപ്പുരമുയന്ന്
ജീവിതനാടകമാടും പ്രഭുക്കളേ!
പാവങ്ങളേക്കൂടി യോർത്തീടുവിൻ.
നിങ്ങൾക്കു വാനിൽക്കരേറുവാൻഗോവണി
ഭംഗംവിനാപച്ചക്കൂട്ടരത്രേ
പട്ടിണിപ്പാതാളക്കുണ്ടിൽ കിടന്നഹാ!
നട്ടംതിരിയുന്ന,തൊന്നു കാണ്മിൻ!!

ഈ ഭാഗം എത്രമർമ്മസ്പൃക്കായിരിക്കുന്നു?! "ഹൃദയശൂന്യത"യിലേ

"ധരണിയിൽമുന്നംസത്യവുംധർമ്മവു-
മൊരുതരത്തിലാണെല്ലാക്കു,മിപ്പോഴാ

പെരിയവനൊന്നു, പാവത്തിനൊന്നഹാ!
കരൾതെട്ടങ്ങും സ്മരിച്ചാലതൊക്കെയും!"

ഒരംഭാഗം വായിച്ചാൽ ആക്കം "കരൾതെട്ടങ്ങക" തന്നേ ചെയ്യും. "പണത്തിൻെറ പുറകേ" എന്ന കൃതിയിലേ ആശയങ്ങൾ യഥാൎത്ഥസത്യംതന്നേ എങ്കിലും ഇക്കാലത്തുള്ള "പണ"ക്കാൎക്ക് സ്വീകാൎയ്യമായിരിക്കമെന്നു തോന്നുന്നില്ല. "മുററത്തേ മുല്ലയോട്" എന്നകവിതയിലേ

"കുററിന്നിലസംഖ്യമേററിവച്ചും
നരർ, നിൻനന്മയറിഞ്ഞിടാഞ്ഞയല്ല,
കരൾമുററുമസൂയ,ദുഷ്പ്രവാദ-
ക്കായായ്മന്നില ഃഹാ! പരക്കയത്രേ!!

ഈ പദ്യവും അൎത്ഥാലങ്കാരസംപുഷ്ടമത്രേ. ഇപ്രകാരം ഓരോ കവിതയും അക്ലിഷ്ടമനോഹരമായിരിക്കുന്നു എന്നു ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ.

ഇതുപോലെ ഒട്ടധികം സൽക്കവിതകൾ എഴുതി ഭാഷാദേവിയുടെ കണ്ഠത്തേ അലങ്കരിക്കുവാൻ മി. ജോസഫിനു് ദീർഘായുസ്സും ആഃരാഗ്യവും പ്രദാനം ചെയ്യുന്നതിന് സൎവ്വേശ്വരനേ പ്രാൎത്ഥിക്കയും ഈ ഗ്രന്ഥത്തിനും തൽക്കൎത്താവിനും സൎവ്വവിധമംഗളങ്ങൾ ആശംസിക്കയും ചെയ്തുകൊള്ളുന്നു.

കൎമ്മേലകുസുമം.

മലയാളസാഹിത്യ മലർവാടിയിൽ കൂകിത്തെളിഞ്ഞുവരുന്ന ഒരു ക്രൈസ്തവ കവിയുവകോകിലമാണ്, ഏലിയാനിവ്യായും ആഹാബും, സുധാലഹരി മുതലായവരിഷ്ടകൃതികളുടെ കൎത്താവായ വിദ്വാൻ ജോസഫ് മുകളയിൽ അവർകൾ. അദ്ദേഹത്തിൻെറ തുലികാവിലാസത്തിന് വിധേയമായിത്തീൎന്ന ഒരു പുതിയ കൃതിയാണ് "മരന്ദമാധുൎയ്യം." ആശയസമൃദ്ധവും ചമൽക്കാരശോ

ഭിതവുമായ 12 കവിതാഖണ്ഡങ്ങളാണിതിലടങ്ങിയിരിക്കുന്നതു്. സഹൃദയവികാരരംഗങ്ങളേ ആനന്ദവികസിതങ്ങളാക്കിത്തീക്കുന്നതിനുള്ള ഒരു പ്രത്യേകത ഈ കവിതകളിൽ തെളിഞ്ഞുകാണുന്നുണ്ടു്. ആശയഗതിക്ക് ഒരു നവീനതയും ഇതിൽ പ്രകാശിക്കുന്നുണ്ടു്. പ്രതിപാദനരീതി വളരെ ലളിതവും അതിസുന്ദരവുമാണു്. തന്നിമിത്തം അവക്രമായ ഒരു രീതിയിൽ മി. ജോസഫിൻെറ കവിതാനദി തെളിഞ്ഞൊഴുകുന്നു. അടുത്തകാലത്തുണ്ടായ ചെറുകാവ്യങ്ങളുടെ കൂട്ടത്തിൽ "മരന്ദമാധുര്യം" നല്ല ഒരുസ്ഥാനം കൈവരിക്കുമെന്നുള്ളതിനു സംശയമില്ല. കീഴ്പ്പോട്ടുംനോക്കുവിൻ, ചന്ദ്രികയിൽ, ഹൃദയശൂന്യത, ദ്രവ്യഭക്തൻ, ജീവിതമത്സരം, കലാകാരൻ എന്നീകവിതകൾ ഞങ്ങൾക്കു അത്യധികം ആനന്ദപ്രദമായിരുന്നു എന്നു ചുരുക്കിപ്പറയാനേ തല്ക്കാലം നിവൃത്തിയുള്ളൂ. മി. ജോസഫിൻെറ ഗ്രന്ഥങ്ങൾക്ക് മഹാജനങ്ങൾ അവ അർഹിക്കുന്ന പ്രോത്സാഹനം ഉള്ളഴിഞ്ഞുനൽകുന്നതിനു് ഞങ്ങൾ ഹൃദയപൂർവ്വം ശുപാശ് ചെയ്തുകൊള്ളുന്നു.

തിരുഹൃദയമാസിക.

## പ്രത്യേക അറിയിപ്പു്.

"സുധാലഹരി"യും "മരന്ദമാധുര്യ"വും മുഴുവൻ വിററു തീൎന്നു. "സൂക്തിരത്നമാല"യ്ക്കു് ഗ്രന്ഥകൎത്താവിൻെറവക കൈപ്പുഴപള്ളിത്താഴെയുള്ള "സാഹിത്യഭൂഷണം" പുസ്തകശാലയിൽ അന്വേഷിക്കുക.

മേൽവിലാസം:—

മാനേജർ,

സാഹിത്യഭൂഷണം പുസ്തകശാല,

കൈപ്പുഴ A. O. മാന്നാനം P. O.

# ശുദ്ധിപത്രം.

| | അബദ്ധം. | സുബദ്ധം. |
|---|---|---|
| മുഖവുര പേജ് 1 | നിച്ചിതാൎത്ഥം | നിശ്ചിതാൎത്ഥം |
| ശ്ലോകം 3 | സൂൎയ്യാനലം | സൂൎയ്യനലം |
| " " | സംജംതം | സംജാതം |
| " 16 | നികടെ | നികടേ |
| " 26 | പാടെ | പാടേ |
| " 29 | വഴത്തിട്ടം | വാഴ്ത്തിട്ടം |
| " 44 | കാണുമവളും | കാണുമളവും |
| " 66 | വിണ | വീണ |
| " 79 | മനസ്സിൽ | മനസ്സിൻ |
| " 80 | ആക്രാന്താ | ആക്രാന്തം |
| " 92 | പക്കിട്ടാൽ | പകിട്ടാൽ |
| " 96 | നെയത്തുള്ളി | നെയ്ത്തുള്ളി |
| " 97 | വിബധ | വിബുധ |
| " 104 | തുണസ്ഥായക | തുണസ്ഥാസ്ഥ |
| " 108 | ഇമ്മന്നിൻ | ഇമ്മന്നിൽ |
| " 133 | പാരം | പരം |

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DVK Library
*11007146*
T61 M91

# സൂക്തിരത്നമാല.

വിദ്വാൻ ജോസഫ് മുകളയിൽ.

T61
M91